# LAITY VOICE

2015 MAY | Volume:5 | No:11

### 'ദ പീപ്പിൾ'ന് പിന്തുണയുമായി ഇൻഫാം ദേശീയ സമിതി

# വോട്ടുചെയ്യാനുള്ള സ്ഥിരനിക്ഷേപമായി കർഷകരെ കിട്ടില്ല: ഇൻഫാം

കൊച്ചി: രാഷ്ട്രീയേതര കർഷക ജനകീയ പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ "ദ പീപ്പിൾ"ന് കൊച്ചി പിഒസിയിൽ ചേർന്ന ഇൻഫാം ദേശീയ സമിതി പിന്തുണ പ്രഖ്യാപിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷക നിലപാടുകളിലും കാർഷിക കാഴ്ചപ്പാടുകളിലും അടിയന്തരമാറ്റം അനിവാര്യമാണെന്നും അധികാരം നേടിയെടുക്കുവാൻ വോട്ടുചെയ്യുന്ന ഉപകരണങ്ങളും സ്ഥിരനിക്ഷേപവുമായി വരുംനാളുകളിൽ കർഷകരെ കിട്ടില്ലെന്നും കർഷകർ സംഘടിത ശക്തിയായി മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സമ്മേളനം ചൂണ്ടിക്കാട്ടി.

റബറിന്റെ വിലത്തകർച്ചയിൽ നിഷ്ക്രിയ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സമീപനം മാറണം. റബർ പ്രതിസന്ധി മൂലമുള്ള കർഷക ആത്മഹത്യയെ നിസാരവൽക്കരിച്ചുകാണുന്ന സർക്കാരും രാഷ്ട്രീയ നേതൃത്വങ്ങളും ജനകീയ പ്രശ്നങ്ങളിൽ നിന്ന് ഓടിയകന്ന് അരോപണ ആക്ഷേപങ്ങളിൽ മാത്രം മുഴുകിയിരിക്കുന്നത് ലജ്ജാകരവും കേരളസമൂഹത്തിന്തന്നെ അപമാനകരവുമാണെന്ന് സമ്മേളനം സൂചിപ്പിച്ചു.

ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ ദേശീയകൗൺസിൽ ഉദ്ഘാടനം ചെയ്തു. ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. തെലുങ്കാന, സീമാന്ധ്ര, മഹാരാഷ്ട്ര, മേഘാലയ, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേയ്ക്കും ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലകളിലേയ്ക്കും ഇൻഫാമിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ കർമ്മ പദ്ധതികൾക്ക് രൂപം നൽകി. ദേശീയകർഷക സമ്മേളനത്തിൽ കർഷകനയരേഖ പ്രഖ്യാപിക്കുന്നതാണ്. യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതികൾക്ക് സമ്മേളനം രൂപം നൽകി. ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ മോഡറേറ്ററായിരുന്നു. പിസി സിറിയക്, ഡോ. എം.സി ജോർജ്ജ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കെ.സി.ബി.സി.ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ.വർഗീസ് വള്ളിക്കാട്ട്, ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ, കെ. മൈതീൻ ഹാജി, ജോയി തെങ്ങുംകുടിയിൽ, ഫാ.മാത്യു മുത്തശ്ശേരിൽ-ഫരീദാബാദ്, ഫാ. ജോസഫ് കാവനാടി, ഫാ.ജോർജ്ജ് പൊട്ടയ്ക്കൽ, വി.വി.അഗസ്റ്റിൻ, ഫാ.ജോസ് തറപ്പേൽ, ബേബി പെരുമാലിൽ, ജോസ് എടപ്പാട്ട്, കെ.എസ്.മാത്യു മാമ്പറമ്പിൽ, ജോയി പള്ളിവാതുക്കൽ എന്നിവർ ചർച്ചകൾ നയിച്ചു.

### ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്നു: മാർ മാത്യു അറയ്ക്കൽ

കൊച്ചി: കൃഷിയിലൂടെ ഈ രാജ്യത്തെ ജനസമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷകരെ ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ രണ്ടാംതരം പൗരന്മാരായി കാണുന്നത് വേദനാജനകമാണെന്ന് ഇൻഫാം ദേശീയ ചെയർമാൻ മാർ മാത്യു അറയ്ക്കൽ. ഇൻഫാം ദേശീയസമിതി കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ

(ശേഷം 5-ാം പേജിൽ)




*ഇൻഫാം ദേശീയ കൗൺസിൽ കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. കെ.സി.ബി.സി.ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ.വർഗീസ് വള്ളിക്കാട്ട്, ഫാ.ആന്റണി കൊഴുവനാൽ, പി.സി. സിറിയക്, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഡോ.എം.സി. ജോർജ്ജ്, വി.വി.അഗസ്റ്റിൻ എന്നിവർ സമീപം.*

എഡിറ്റോറിയൽ

**തലമുറകളായി കൈമാറി, പിറന്നുവീണ ഭൂമിയിൽ ഉടമസ്ഥാവകാശമില്ലാതെ അന്യനെപ്പോലെയുള്ള ജീവിതം. കപടപരിസ്ഥിതിവാദികളുടെ ക്രൂരവിനോദങ്ങളുടെ ഇരകൾ. ഡമോക്ലസിന്റെ വാളുപോലെ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ. അന്തർദേശീയ സാമ്പത്തിക ഏജൻസികളുടെ പിന്തുണയോടെയുള്ള വനവൽക്കരണ പ്രക്രിയകൾ. പഴക്കം ചെന്ന മുല്ലപ്പെരിയാർ ഡാം ഉയർത്തുന്ന വെല്ലുവിളികൾ വേറെ. ഇപ്പോഴിതാ സ്വന്തം മണ്ണിന്റെ ഉള്ളറകൾ കണികാപരീക്ഷണത്തിനും തുറന്നുകൊടുത്തിരിക്കുന്നു. പശ്ചിമഘട്ടം വിദേശശക്തികളുടെ കൈകളിലോ? കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മൗനങ്ങളിലും നടപടികളിലും ദുരൂഹതകളേറെ...**

# ആശങ്കകളുടെ മുൾമുനയിൽ ഒരു ജനത

# കണികാ പരീക്ഷണത്തിന്റെ കാണാപ്പുറങ്ങൾ

ജനാധിപത്യ അധികാരത്തിന്റെ മറവിൽ ചില ഉന്നതകേന്ദ്രങ്ങൾ പശ്ചിമഘട്ടജനതയെ വിദേശശക്തികൾക്ക് തീറെഴുതിക്കൊടുത്തിരിക്കുന്നുവെന്ന് ലെയ്റ്റിവോയ്സ് പലതവണ ആവർത്തിച്ചപ്പോൾ ചിലരൊക്കെ നെറ്റിചുളിച്ചു. സത്യത്തിന്റെ നേരെ മുഖം തിരിഞ്ഞുനിൽക്കുന്ന അധികാര കേന്ദ്രങ്ങളും അഴിമതിയുടെ അവതാരങ്ങളും ഒത്തുചേർന്ന് ഈ മണ്ണിൽ പണിയെടുത്തു ജീവിക്കുന്ന ഒരു മനുഷ്യസമൂഹത്തെ സ്നേഹിച്ച് വഞ്ചിക്കുവാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. ഈ ദുർനടപടികൾക്കെതിരെ ലെയ്റ്റി വോയ്സ് വിരൽചൂണ്ടിയപ്പോൾ കലിപൂണ്ടവരിൽ നമ്മൾ തെരഞ്ഞെടുത്തുവിട്ട ജനനേതാക്കളുമുണ്ടെന്നറിയുമ്പോൾ രക്തം തിളയ്ക്കുന്നു. **ഒറ്റുകാശിന്റെ പങ്കുപറ്റി, അധികാരത്തിന്റെ മത്തുപിടിച്ച് നടക്കുന്നവരുടെ മുമ്പിൽ പിടിച്ചുനിൽക്കാനാവുന്നില്ലെങ്കിൽ പിറന്നുവീണ മണ്ണിൽ പിടഞ്ഞുവീണ് മരിക്കുവാനെങ്കിലും അനുവദിക്കണമേയെന്ന പ്രാർത്ഥന മാത്രമേ ഹൈറേഞ്ചിലെ കർഷകജനതയ്ക്കിന്നുള്ളൂ. അത്രയേറെ ദുഃഖദുരിതങ്ങളിലൂടെയാണ് തലമുറകളായി ഈ ജനസമൂഹം കടന്നുപോകുന്നത്.** ഭക്ഷ്യക്ഷാമം അതിരൂക്ഷമായപ്പോൾ നാടിനെ തീറ്റിപ്പോറ്റാൻ മലകയറി കൃഷിയിറക്കിയ കഴിഞ്ഞ തലമുറ. സംസ്ഥാനത്തിന്റെ അതിർത്തി സംരക്ഷിക്കാൻ വേണ്ടി കോളനികൾ സ്ഥാപിച്ച് സർക്കാർ നിർദേശത്തെതുടർന്ന് ജീവിതം മാറ്റിവെച്ച കാവൽപടയാളികൾ. എല്ലാം ഇന്നിന്റെ അധികാര കേന്ദ്രങ്ങൾ വിസ്മരിക്കുന്നു. പിറന്നുവീണ മണ്ണിൽ അവകാശമില്ലാതെ പരദേശിയായി കഴിയുന്ന ഗതികേടിൽ പത്തുനിബന്ധനകളുമായി "ഉപാധിരഹിത" പട്ടയം ഔദാര്യംപോലെ കൈവശംവെച്ചുറങ്ങുവാൻ ഗതികെട്ട സമൂഹം. പരിസ്ഥിതിലോലത്തിന്റെയും, വനവൽക്കരണത്തിന്റെയും, ഉദ്യോഗസ്ഥ ധാർഷ്ട്യത്തിന്റെയും പേരിൽ നിരന്തരം വേട്ടയാടപ്പെട്ടവരുടെ നെറുകയിലേയ്ക്കിതാ വെടിയുണ്ടപോലെ മറ്റൊന്ന്-കണികാപരീക്ഷണം.

**കണികാപരീക്ഷണത്തിന്റെ പരീക്ഷണശാലയായി മലയോര മണ്ണിന്റെ ഉള്ളറകൾ മാറ്റുവാനുള്ള ശ്രമങ്ങൾ കുറെ നാളുകളായി തുടരുമ്പോൾ അതുയർത്തുന്ന ആശങ്കകൾ വളരെ വലുതാണ്. കണികാപരീക്ഷണത്തെ അനുകൂലിച്ച് നടത്തിപ്പുകാരായ ശാസ്ത്രജ്ഞന്മാരും, ഭീകരാവസ്ഥ ചൂണ്ടിക്കാട്ടി പ്രതികൂലിച്ച് പ്രമുഖരായ ഇതര ശാസ്ത്രജ്ഞരും മാധ്യമങ്ങളിൽ വാദങ്ങളുമായി നിറഞ്ഞുനിൽക്കുമ്പോൾ ഇതിനിടയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെ ഹൃദയത്തിനുള്ളിൽ തീക്കനലാണ്.** തേനി ജില്ലയിലെ പൊട്ടിപ്പുറം എന്ന ഉൾനാടൻ ഗ്രാമത്തിലെ പാവപ്പെട്ട സാധാരണ ഗ്രാമീണജനതയെ പൊട്ടന്മാരും വിഢികളുമാക്കി പാലവും റോഡും പണിതുയർത്തുന്ന വികസനപദ്ധതികൾ കേന്ദ്രസർക്കാരിന്റെ ഔദാര്യമാണെന്ന് പറഞ്ഞും പഠിപ്പിച്ചും വിശ്വസിപ്പിച്ചും ചതിക്കുഴികൾ തീർക്കുമ്പോൾ വിവരവും വിജ്ഞാനവുമുള്ള പൊതുസമൂഹം ഈ ഗൂഢപദ്ധതിയെ സംശയത്തോടെ വീക്ഷിക്കുന്നു.

പൊട്ടിപ്പുറത്തുനിന്നാരംഭിച്ച് കേരളത്തിലെ മതികെട്ടാൻചോല വനങ്ങളുടെ അടിയിൽ വരെ നീളുന്നതാണ് 1500 കോടിയുടെ പ്രാരംഭപ്രവർത്തനങ്ങളുമായി തുടക്കമിട്ടിരിക്കുന്ന ഭൂഗർഭ ന്യൂട്രീനോ പരീക്ഷണശാല. ന്യൂട്രീനോ എന്ന വാക്കിന്റ അർത്ഥം ചെറുതും നിഷ്പക്ഷവും നിരുപദ്രവകാരിയുമായ കണം എന്നാണ്. ന്യൂട്രീനോകൾക്ക് ഏതു വസ്തുവിനേയും തുളച്ചുപോകുവാനുള്ള കഴിവുണ്ടെന്നാണ് പറയപ്പെടുന്നത്. പ്രകാശത്തോടടുത്ത വേഗത്തിൽ സഞ്ചരിക്കുന്നതും ചാർജില്ലാത്തതുമായ ഈ കണം സൂര്യനിൽ നിന്ന് സദാ ഭൂമിയിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. സൂര്യനിൽ നിന്നും മറ്റു പ്രാപഞ്ചിക സ്രോതസ്സുകളിൽ നിന്നും വരുന്ന കണങ്ങളിൽ പലതും അന്തരീക്ഷത്തിൽ വച്ച് മറ്റുകണങ്ങളുമായി കൂട്ടിയിടിച്ച് പുതിയ കണങ്ങൾ സൃഷ്ടിക്കപ്പെടും.

ഇന്ന് ന്യൂട്രീനോ ആസ്ട്രോണമി എന്ന ശാഖ ജ്യോതിശാസ്ത്രത്തിലുണ്ട്. ഇന്ത്യയിൽ കർണ്ണാടകയിലെ കോലാർ സ്വർണ്ണഖനിയിൽ ഭൗമോപരിതലത്തിൽ നിന്ന് 2300 മീറ്റർ താഴെ സ്ഥാപിച്ച അയൺ കലോറി മീറ്ററെന്ന ഉപകരണം വഴി ന്യൂട്രീനോ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ലോകത്തെ ആദ്യ ന്യൂട്രീനോ ഒബ്സർവേറ്ററികളിൽ ഒന്നായ ബാക്സാൻ കോകിസിയ മലനിരകളിൽ 300 മീറ്റർ താഴെയാണ് സ്ഥാപിച്ചിട്ടുള്ളത്. മെഡിറ്ററേനിയൻ കടലിൽ ഫ്രഞ്ച് അതിർത്തിയിൽ രണ്ടര കിലോമീറ്റർ ആഴത്തിലാണ് അന്റാറസ് പരീക്ഷണശാല. അന്റാർട്ടിക്കയിൽ ഐസ്ക്യൂബ് നിരീക്ഷണശാലയുമുണ്ടെന്നറിയുന്നു.




തമിഴ്നാട്ടിലെ നീലഗിരിയിൽ കണികാ പരീക്ഷണശാല തുടങ്ങാനായിരുന്നു ആദ്യശ്രമം. 2009 നവംബർ 20ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഇത് അംഗീകരിച്ചില്ല. ജനങ്ങളുടെ എതിർപ്പുകളുമുണ്ടായി. പിന്നീട് തേനിയിലെ സുരുളിപ്പെട്ടിയിലേയ്ക്കു മാറ്റി. പൊട്ടിച്ചുമാറ്റുന്ന പാറയുടെ നിലവാരം മോശമെന്നതാണ് ന്യായീകരണമെങ്കിലും ഇവിടെയും ജനങ്ങളുടെ ശക്തമായ എതിർപ്പുണ്ടായി. പിന്നീടാണ്

പൊട്ടിപ്പുറത്തേയ്ക്കു കണികാപരീക്ഷണശാല എന്ന നിർദ്ദേശം എത്തിയത്. ഇതിന് 2010 ഒക്ടോബർ 19ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകാരവും നൽകി. 2010 നവംബറിൽ പരിസ്ഥിതി ആഘാത പഠനം Salim Ali Centre for Ornithology Natural History (SACON) നടത്തി. 2012 ഡിസംബർ 28ന് ജില്ലാ ഭരണകൂടം പൊട്ടിപ്പുറം പഞ്ചായത്തിലെ 27 ഹെക്ടർ സ്ഥലം പരീക്ഷണശാലയ്ക്കുവേണ്ടി കൈമാറി. **പൊട്ടിപ്പുറത്തെ കണികാപരീക്ഷണശാല അമേരിക്കയുടെ നിയന്ത്രണത്തിലുള്ള ആഗോള ന്യൂട്രീനോ പരീക്ഷണ പദ്ധതിയുടെ ഭാഗമാണെന്നാണറിയുന്നത്. അമേരിക്കയിൽ ചിക്കാഗോയിലെ ന്യൂട്രീനോ പരീക്ഷണ ശാലയിൽ ഉല്പാദിപ്പിക്കുന്ന ന്യൂട്രീനോ കിരണങ്ങൾ ഭൂമിയുടെ അകക്കാമ്പും കടന്ന് ഈ പരീക്ഷക്ഷണശാലയിൽ എത്തിക്കുന്നുവെന്ന സൂചനകളുമുണ്ട്. 2025 വരെയുള്ള പരീക്ഷണങ്ങൾ മനുഷ്യജീവിതത്തിന് വലിയ ഹാനികരമല്ലെങ്കിലും അതിനുശേഷമുള്ള പരീക്ഷണങ്ങൾ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നാണ് മുതിർന്ന ആണവശാസ്ത്രജ്ഞർ പറയുന്നത്.** ഏതൊരു പരീക്ഷണശാല നിർമ്മിക്കുമ്പോഴും 50 മുതൽ 100 വർഷം വരെയുള്ള പരീക്ഷണങ്ങളെക്കുറിച്ചുള്ള രൂപരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ പൊട്ടിപ്പുറത്തെ കണികാപരീക്ഷണശാലയെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമാക്കിവെച്ചിരിക്കുന്നത് ദുരൂഹതയേറുന്നതും ആശങ്കയുളവാക്കുന്നതുമാണ്.

ആണവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള അറയായി പൊട്ടിപ്പുറം പരീക്ഷണശാലയെ ഉപയോഗിക്കുന്നതിനായുള്ള നിർമ്മാണ അനുമതിയും ഇതിനോടകം ലഭിച്ചിട്ടുണ്ടെന്നാണറിയുന്നത്. പരിസ്ഥിതി ആഘാത പഠനം നടത്തിയിരിക്കുന്ന SACON പ്രധാനമായും ഇവിടുത്തെ പക്ഷി മൃഗ ഇഴജന്തുക്കളുടെ ആവാസത്തെക്കുറിച്ചാണ് പഠനത്തിൽ പറയുന്നത്. മറിച്ച് പാറതുരന്നുള്ള പരീക്ഷണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിൽ വ്യക്തതയില്ല, തുരങ്കം നിർമ്മിക്കുമ്പോൾ ഉണ്ടായേക്കാവുന്ന ജലസ്രോതസുകളുടെ ശോഷണം ഉൾപ്പെടെയുള്ള കാര്യങ്ങളും ജനജീവിതത്തെ സംബന്ധിക്കുന്നവയും പഠനവിഷയമാക്കിയിട്ടില്ല. പശ്ചിമഘട്ട ജനജീവിതത്തെ വെല്ലുവിളിച്ച ഗാഡ്ഗിൽ റിപ്പോർട്ടിന്റെ രൂപീകരണത്തിൽ SACON നും പങ്കുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിൽ 22 ഭാഗങ്ങളിൽ SACONന്റെ പങ്കാളിത്തം വിവരിക്കുന്നുണ്ട്. **8 ലക്ഷം ടൺ പാറ 1000 ടൺ ജലാറ്റിൻ ഉപയോഗിച്ച് ഭീകരമായ സ്ഫോടനം നടത്തി 800 ദിവസംകൊണ്ട് 2.5 കിലോമീറ്റർ തുരക്കുന്നത് പരിസ്ഥിതിയെ ബാധിക്കില്ലേ? പരിസ്ഥിതിയുടെ പേരിൽ ചില കേന്ദ്രങ്ങളുടെ അന്താരാഷ്ട്ര സാമ്പത്തിക ഇടപാടുകളിൽ ബലികൊടുക്കപ്പെട്ടവരാണ് പശ്ചിമഘട്ടജനതയെങ്കിൽ പൊട്ടിപ്പുറത്തെ കണികാപരീക്ഷണശാല മറ്റൊരു അന്താരാഷ്ട്ര കരാറിന്റെ ബാക്കിപത്രമാണെന്ന് സംശയിക്കാം.** ഭൂമിക്കുമുകളിലും ഭൂമിയിലും ഭൂമിക്കുള്ളിലും നിന്ന ഒരേ സമയം ആഘാതങ്ങൾ ഏൽക്കേണ്ടിവരുന്ന ഹൈറേഞ്ചു ജനതയുടെ മാനസിക വ്യഥ മനസിലാക്കുവാൻ ആരുമില്ലാത്ത അവസ്ഥയാണിന്ന്. **അഴിമതിയുടെ അവതാരങ്ങളായ കേരളത്തിലെ പല ജനപ്രതിനിധികൾക്കും ജനങ്ങളുടെ വിഷയങ്ങളും പ്രശ്നങ്ങളും ഗൗരവത്തിലെടുക്കുവാൻ കഴിയുന്നില്ലെന്നുള്ളത് ദുഃഖകരമാണ്.**

കേരളത്തിലെയും തമിഴ്നാട്ടിലെയും മൂന്നുജില്ലകളെ കണികാപരീക്ഷണകേന്ദ്രം പ്രതികൂലമായി ബാധിക്കുമെന്നു പറയുന്നു. പരീക്ഷണശാലയുടെ 50 കി.മീ. ചുറ്റളവിൽ 12 പ്രധാന ജലസംഭരണികളുണ്ട്. 110 ലേറെ വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിൽ നിന്ന് 50 കി.മീറ്ററും. ഇടുക്കി ഡാമിൽ നിന്ന് 30 കി.മീറ്ററും അകലം. പശ്ചിമഘട്ടത്തിൽ പരിസ്ഥിതിലോലമായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളുടെ 2.5 കീ.മീ ഉള്ളറകളിലൂടെ 80,000 ലക്ഷം ടൺപാറ 1000 ജലാറ്റിൻ ഉപയോഗിച്ച് പൊട്ടിച്ചുമാറ്റുവാൻ അനുവാദം നൽകുന്നതിന് പരിസ്ഥിതിയുടെ പേരിൽ ജനങ്ങളെ ഞെക്കിക്കൊല്ലുന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് എങ്ങനെ സാധിച്ചു? രാഷ്ട്രീയ ഉദ്യോഗസ്ഥ മാഫിയ സംഘങ്ങളുടെ പിൻബലത്തിൽ ചിലർ ഈ നാടിനെ കശാപ്പുചെയ്യുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നുവോ?

ന്യൂട്രീനോ പരീക്ഷണശാലയുടെ നിർമ്മാണത്തിനെതിരെ 2015 മാർച്ച് 26ന് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തമിഴ്നാട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചശേഷം നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയാൽ മതിയെന്നാണ് ഉത്തരവ്. ഇതിനർത്ഥം സർക്കാർ സംവിധാനങ്ങളെപ്പോലും മാനിക്കാതെ ധിക്കാരമനോഭാവത്തോടെ കാണുന്ന കേന്ദ്രങ്ങളാണ് ഈ അന്താരാഷ്ട്രപദ്ധതിയുടെ പിന്നിലുള്ളതെന്നാണ്. പരിസ്ഥിതിവാദികളുടെ നാവടയ്ക്കുവാൻ മറുവാദങ്ങളും ഉയരുന്നുണ്ട്. മരങ്ങൾ വെട്ടിനശിപ്പിക്കുന്നില്ല. കൃഷിയിടങ്ങൾ ഏറ്റെടുക്കുകയില്ല. കന്നുകാലിവളർത്തലും, ജനങ്ങൾക്ക് തുടരുന്നതിന് തടസമാകുകയില്ല. അതേസമയം പ്രദേശവാസികൾക്കുകൊടുക്കുന്ന വാഗ്ദാനങ്ങൾ ഇതിലും മഹത്തരവും. പാലങ്ങളും റോഡുകളുമുണ്ടാകും. വികസന പ്രവർത്തനങ്ങൾ ഒട്ടേറെ. റേഡിയേഷൻ പ്രശ്നമില്ല. ഇവയൊക്കെ മുഖവിലയ്ക്കെടുക്കുവാൻ ജനങ്ങൾക്കാകുമോ? **അറിവും അക്ഷരജ്ഞാനവുമില്ലാത്ത സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ബുദ്ധിരാക്ഷസന്മാരുടെ കൂർമ്മത വഞ്ചനാപരമല്ലേ? കുരുതിക്കുമുമ്പുള്ള സമൃദ്ധമായ അന്ത്യത്താഴവിരുന്നെന്ന് ഇതിനെ വിളിക്കേണ്ടി വരുമോ? ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെ മറവിൽ വിദേശരാജ്യങ്ങൾ നമ്മെ ഉപയോഗിക്കുന്നുവെന്നതിന്റെ മറ്റൊരു ഉദാഹരണംകൂടിയാണോ കണികാപരീക്ഷണം?** ആധുനിക മരുന്നുപരീക്ഷണങ്ങൾക്ക് ബലിയാടുകളായിട്ടുള്ളത് പലപ്പോഴും ഇന്ത്യയിലെ മനുഷ്യജന്മങ്ങളാണ്. കാർബൺ ഫണ്ടിന്റെ മറവിൽ ഇന്ത്യയെ വനവൽക്കരണത്തിന് വിട്ടുകൊടുത്തത്



മറ്റൊരു ഉദാഹരണം. **പശ്ചിമഘട്ടസംരക്ഷണത്തിനായി ഗാഡ്ഗിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തിരക്കിട്ട് ശ്രമിച്ച കാലയളവിൽത്തന്നെ പശ്ചിമഘട്ടത്തിന്റെ പാറതുരന്ന് കണികാ പരീക്ഷണത്തിനുള്ള കരാർ നടപ്പിലാക്കിയവരുടെ വഞ്ചനയുടെയും കാപട്യത്തിന്റെയും മുഖമാണ് നാം തിരിച്ചറിയേണ്ടത്.**

ന്യൂട്രീനോ കണികയെ കേരളത്തിന്റെ മതികെട്ടാൻചോലയ്ക്കു സമീപം 1300 അടി താഴ്ചയിൽ പൊട്ടിപ്പുറത്തുനിന്നും 2.5 കി.മീ.നീളത്തിൽ പാറതുരന്ന് ഗുഹയുണ്ടാക്കി കടത്തിവിട്ട് പ്രത്യേക അറയിലാണ് പരീക്ഷണശാല. 132 മീ.നീളവും 26മീ.വീതിയും 30മീ.ഉയരവുമുള്ളതാണ് പരീക്ഷണശാലയെന്നറിയുന്നു. 2.5 കിലോ മീറ്ററിൽ ഏതാണ്ട് ഒരു കിലോ മീറ്ററോളം കേരളത്തിനുള്ളിൽകൂടിയാണ്. **പക്ഷേ സംസ്ഥാന സർക്കാർ ഇക്കാര്യങ്ങളെക്കുറിച്ച് നിലപാടുകൾ വ്യക്തമാക്കിയിട്ടില്ല. ഏതു പ്രശ്നത്തിനും പ്രസ്താവന യുദ്ധം നടത്തുന്ന രാഷ്ട്രീയ നേതാക്കളുടെ മൗനവും സംശയമുളവാക്കുന്നു. ഇറാക്കിലെ കൂട്ടക്കുരുതിയും, ജപ്പാനിലെ സുനാമിയുമുൾപ്പെടെ അന്താരാഷ്ട്ര പ്രശ്നങ്ങൾ ആവേശത്തോടെ സംസാരിക്കുന്നവർ സ്വന്തം മണ്ണു മാന്തിയെടുക്കപ്പെടുന്നതിനെക്കുറിച്ച് നിശബ്ദമാകുന്നതിന്റെ നിഗൂഡതയും അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇവരെയെല്ലാം വായ്മൂടിക്കെട്ടി വരുതിയിൽ നിർത്തുവാൻ കണികാപരീക്ഷകർക്ക് സാധിച്ചുവോ? കപടപരിസ്ഥിതിവാദികളും മാളങ്ങളിലൊളിച്ചുവോ?**

ഹൈറേഞ്ചിലെ ജനങ്ങളിൽ കണികാപരീക്ഷണം ഉയർത്തുന്ന ആശങ്ക വളരെ വലുതാണ്. എല്ലാം നഷ്ടപ്പെട്ടിരിക്കുന്നവരെ വിദേശശക്തികളുടെ പരീക്ഷണത്തിനുംകൂടി വിട്ടുകൊടുത്തിരിക്കുന്ന അവസ്ഥ. **ഒരിക്കലും ജനങ്ങളെ കുടിയിറക്കില്ലെന്ന് ആവർത്തിക്കുന്ന ഭരണനേതൃത്വങ്ങൾ തുരങ്കം സൃഷ്ടിച്ച് സ്ഫോടനത്തിലൂടെ ജനങ്ങളെ പുറത്താക്കുന്ന പ്രക്രിയയ്ക്ക് മൗനാനുവാദം കൊടുത്തുവോ? സ്വന്തം മണ്ണിൽ തുരങ്കം സൃഷ്ടിച്ച് കണികാപരീക്ഷണത്തിന് കളമൊരുങ്ങിയിരുക്കുമ്പോൾ സർക്കാരിന്റെ മൗനത്തിന്റെ പിന്നാമ്പുറമെന്താണ്?**

**കണികാപരീക്ഷണമുളവാക്കുന്ന ജനങ്ങളുടെ ആശങ്കയകറ്റാനും നിലപാടുകൾ വ്യക്തമാക്കാനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തരമായി തയ്യാറാകണം.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**




*ഇൻഫാം ദേശീയ അംഗത്വവിതരണം കോഴിക്കോട് മേരിക്കുന്ന് പിഎംഒസിയിൽ താമരശ്ശേരി ബിഷപ് മാർ റെമീജിയസ് ഇഞ്ചനാനിയിൽ ആനക്കാംപൊയിലിലെ കർഷകൻ ജോർജ്ജ് വാഴേപ്പറമ്പിലിന് നൽകി ഉദ്ഘാടനം ചെയ്യുന്നു. ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ, ഫാ.ആന്റണി കൊഴുവനാൽ, ഷെവലിയർ വി.സി.സെബാസ്റ്റ്യൻ എന്നിവർ സമീപം.*

### ഇൻഫാം ദേശീയതല അംഗത്വവിതരണത്തിന് തുടക്കമായി

# കർഷകരെ മുഖ്യധാരയിൽ ശക്തിപ്പെടുത്തും: മാർ മാത്യു അറയ്ക്കൽ

കോട്ടയം: കർഷകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുവാനുള്ള പദ്ധതികൾ ഇൻഫാം ആവിഷ്കരിച്ചു നടപ്പിലാക്കുമെന്നും കാർഷികമേഖല തകർച്ച നേരിടുമ്പോൾ ഉത്തരവാദിത്വപ്പെട്ടവർ ശക്തമായും സമയോജിതമായും ഇടപെടുന്നില്ലെങ്കിൽ ഒട്ടേറെപ്പേർ മറ്റു പ്രവർത്തനമേഖലകൾ തേടിപ്പോകുന്ന സ്ഥിതിവിശേഷമുണ്ടാകുമെന്നും ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ സൂചിപ്പിച്ചു.

ദേശീയതലത്തിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) നടത്തുന്ന അംഗത്വവിതരണത്തിനു ഔപചാരിക തുടക്കമായി. ജൂൺ 30വരെ സമയബന്ധിതമായി അഞ്ചുലക്ഷം അംഗങ്ങളെ പുതുതായി ചേർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗത്വവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് മേരിക്കുന്ന് പിഎംഒസിയിൽ നടന്നു.

ഉദ്ഘാടനച്ചടങ്ങിൽ താമരശേരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിൽ നിന്നു ആനക്കാംപൊയിലിലെ കർഷകൻ ജോർജ് വാഴേപറമ്പിൽ അംഗത്വം സ്വീകരിച്ചു.

ഇൻഫാം ദേശീയ രക്ഷാധികാരി കൂടിയായ കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ, ജനറൽ സെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ, സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു. തെലുങ്കാന, സീമാന്ധ്ര, മഹാരാഷ്ട്ര, മേഘാലയ, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് ഇൻഫാം ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേരളത്തിലെ വിവിധ ഭാഗങ്ങളിലുമായി പ്രവർത്തിക്കുന്ന സ്വതന്ത്രകർഷകപ്രസ്ഥാനങ്ങൾക്ക് ഇൻഫാം ദേശീയസമിതിയിൽ അഫിലിയേഷൻ നല്കും. അംഗത്വവിതരണ പൂർത്തീകരണത്തെത്തുടർന്ന് എറണാകുളത്തു ചേരുന്ന നേതൃസമ്മേളനം സമഗ്ര കാർഷിക വികസനരേഖ പ്രഖ്യാപിക്കും.

# ഭൂകമ്പ ദുരിതബാധിതർക്കായി പ്രാർഥിക്കുക: കർദിനാൾ മാർ ആലഞ്ചേരി

കൊച്ചി: നേപ്പാളിൽ ഭൂകമ്പം മൂലം മരണമടഞ്ഞവർക്കും ദുരിതം അനുഭവിക്കുന്നവർക്കുമായി എല്ലാ വിശ്വാസികളും പ്രാർത്ഥിക്കണമെന്നു സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. നമ്മുടെ അയൽരാജ്യമായ നേപ്പാളിൽ ഭൂകമ്പം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം വർധിച്ചുവരുന്നതിന്റെ അതീവ ദുഃഖകരമായ വാർത്തകളാണു ദിനംപ്രതി നാം കേൾക്കുന്നത്. പ്രകൃതിക്ഷോഭമുണ്ടാക്കിയ നാശനഷ്ടങ്ങളും വലുതാണ്. നൂറുകണക്കിനാളുകൾ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നുണ്ട്. നേപ്പാൾ സർക്കാരിനോടു ചേർന്നു ഭാരത സർക്കാരും രക്ഷാപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നുണ്ട്. ഭാരത കത്തോലിക്കാ സഭയുടെ കീഴിലുള്ള കാരിത്താസ് ഇന്ത്യയും നേപ്പാളിലെ കാരിത്താസും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളും ഭൂകമ്പത്തിന്റെ ദുരിതം അനുഭവിക്കുന്നുണ്ട്.

ഇന്ത്യയിലും നൂറോളം പേർ മരിച്ചു. ദുരിതബാധിതർക്കായി വിവിധ ഏജൻസികൾ നടത്തുന്ന ധനാഭ്യർഥനകൾക്കു ശരിയായ മാർഗത്തിലൂടെ സഹായമെത്തിക്കാൻ തയ്യാറാവണം.

മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സയിൽ കഴിയുന്നവരുടെ ആരോഗ്യത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ തടസങ്ങളില്ലാതെ വേഗത്തിൽ പുരോഗമിക്കുന്നതിനുമായി ഓരോരുത്തരും പ്രാർഥിക്കണമെന്നും കർദിനാൾ മാർ ആലഞ്ചേരി ഓർമിപ്പിച്ചു.

**എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).**

## 'ദ പീപ്പിളി'ന് പിന്തുണയേകി പാലായിൽ കർഷകസമ്മേളനം

# കർഷക അവഗണന എക്കാലത്തേതിലും അപ്പുറം: ദ പീപ്പിൾ

പാലാ: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കർഷകരോടുള്ള അവഗണന എക്കാലത്തേതിലും അപ്പുറമായതായും നിലനിൽപ്പിനായി ബദൽമാർഗങ്ങൾ സ്വീകരിക്കാൻ കർഷക കൂട്ടായ്മ അനിവാര്യമാണെന്നും പാലായിൽ ചേർന്ന വിവിധ കർഷക സംഘടനകളുടെ നേതൃസമ്മേളനം വിലയിരുത്തി. കേരളത്തിലെ രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന മുപ്പതോളം കർഷക സംഘടനകളുടെ പ്രതിനിധികളാണ് പാലാ ടോംസ് ചേംബറിൽ സമ്മേളിച്ചത്. കർഷക ജനകീയ ഐക്യവേദിയായ ദ പീപ്പിളിന് പിന്തുണ പ്രഖ്യാപിച്ച് കർഷകവേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു സമ്മേളനം. സമ്മേളനത്തിൽ നൂറുകണക്കിനു കർഷകരും പങ്കെടുത്തു.

ദ പീപ്പിളിന്റെ കോ-ഓർഡിനേറ്റർ ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ ആമുഖപ്രസംഗം നടത്തി. മോഹനവാഗ്ദാനങ്ങൾ നൽകി ഭരണകൂടം കർഷകരെ വഞ്ചിക്കുകയാണെന്നു കുറ്റപ്പെടുത്തിയ അദ്ദേഹം ഭരണകർത്താക്കളുടെ തെറ്റായ നയങ്ങൾക്ക് എതിരേ കർഷകരും കർഷകസംഘടനകളും ഒരുമിച്ചുനിന്ന് പോരാടുകയാണ് വേണ്ടതെന്ന് അഭിപ്രായപ്പെട്ടു. കേരളത്തിലെ എല്ലാ പ്രമുഖ കർഷക സംഘടനകളുടെയും പിന്തുണ ദ പീപ്പിളിനുണ്ടെന്നും മെയ് 15ന് പതിനായിരം പേർ പങ്കെടുക്കുന്ന കർഷക മാർച്ച് കണ്ണൂരിൽ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. സമ്മേളനം മുതലാംതോട് മണി ഉദ്ഘാടനം ചെയ്തു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ഗവൺമെന്റിന്റെ പ്രധാന ഉത്തരവാദിത്വമെന്നും കർഷക രാഷ്ട്രീയമാണ് നമുക്ക് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. കർഷകവേദി പ്രസിഡന്റ് ജോസ് പുത്തേട്ട് അധ്യക്ഷത വഹിച്ചു. ദ പീപ്പിളിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ കർഷക കൂട്ടായ്മയിൽ മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം ആരംഭിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. പി.സി. ജോസഫ് എക്സ് എംഎൽഎ, ഡിജോ കാപ്പൻ, മാത്യു മാമ്പറമ്പിൽ, ഫാ. ജോസ് തറപ്പേൽ, ടോമിച്ചൻ സ്കറിയ ഐക്കര, വിജയൻ തോപ്പിൽ, ജോസ് മാത്യു, ജോസ് തോമസ് വെട്ടം എന്നിവർ പ്രസംഗിച്ചു.




*ദ പീപ്പിളിന് പിന്തുണയേകി പാലായിൽ ചേർന്ന കർഷകവേദിയുടെ നേതൃസമ്മേളനം പാലക്കാട് ദേശീയകർഷകസമാജം ജനറൽ സെക്രട്ടറി മുതലാംതോട് മണി ഉദ്ഘാടനം ചെയ്യുന്നു. വിജയൻ തോപ്പിൽ, ജോസ് തോമസ് വെട്ടം, ഫാ.ജോസ് തറപ്പേൽ, ജോസ് പുത്തേട്ട്, സി.കെ.മോഹനൻ, പിസി ജോസഫ് എക്സ് എംഎൽഎ, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഡിജോ കാപ്പൻ, ജോസ് മാത്യു, ജോസഫ് പൂവത്താനി എന്നിവർ സമീപം.*

## കർഷകർക്ക് ഒരു മാസത്തെ ശമ്പളം ദാനം ചെയ്യാൻ ബിഎസ്പി എം.പി.മാർക്കും എം.എൽ.എ.മാർക്കും മായാവതിയുടെ നിർദ്ദേശം



ലഖ്നൗ: ഉത്തർപ്രദേശിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഒരു മാസത്തെ ശമ്പളം ദാനം ചെയ്യാൻ ബിഎസ്പിയുടെ എംപിമാർക്കും എംഎൽഎ മാർക്കും മായാവതി നിർദ്ദേശം നൽകി. സർക്കാരിന്റെ റിലീഫ് ഫണ്ടിലേയ്ക്ക് തുക നൽകുന്നതിനു പകരം കർഷകർക്ക് നേരിട്ട് തുക കൈമാറാനും മായാവതി നിർദേശം നൽകി. അപ്രതീക്ഷിതമായുണ്ടായ മഴയെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്കായി ഉത്തർപ്രദേശ് സർക്കാരും കേന്ദ്ര സർക്കാരും ഒന്നും ചെയ്യുന്നില്ലെന്ന് മായാവതി കുറ്റപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം വൈകുന്നത് കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണെന്നും മായാവതി പറഞ്ഞു.

അറയ്ക്കൽ. രാഷ്ട്രീയ കക്ഷികൾ വോട്ടുനേടുന്നതിനും അധികാരത്തിലെത്തുന്നതിനും നിരന്തരമായി നടത്തുന്ന കർഷക വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല. ഇതിനാൽത്തന്നെ ഭരണരാഷ്ട്രീയ സംവിധാനങ്ങളിലുള്ള വിശ്വാസ്യത കർഷകർക്ക് അനുദിനം നഷ്ടപ്പെടുകയാണ്. രാഷ്ട്രീയ നേതാക്കളും പാർട്ടികളും വലിയ വിശ്വാസത്തകർച്ച നേരിട്ടുകൊണ്ടിരി ക്കുകയാണ്. നേതാക്കന്മാരുടെ താത്പര്യം പാർട്ടിതാത്പര്യമായും പാർട്ടിതാത്പര്യം രാജ്യതാത്പര്യമായും വ്യാഖ്യാനിക്കപ്പെടുന്നു. ചെറുത്തുനിൽക്കാനും പ്രതിരോധിക്കാനും പ്രാപ്തിയില്ലാത്ത കർഷകസമൂഹം സ്വന്തം ജന്മത്തെ പഴിചാരി കഴിഞ്ഞുകൂടുന്നു. അധികാര രാഷ്ട്രീയം തത്ത്വാധിഷ്ഠിതം അഥവാ മൂല്യാധിഷ്ഠിതമായെങ്കിൽ മാത്രമേ രാജ്യത്തെ ജനാധിപത്യവും അതുവഴി ജനജീവിതത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുകയുള്ളൂ. രാഷ്ട്രീയത്തിന്റെ ഗാന്ധിയൻ ആത്മാവിനെയാണ് നാമിന്ന് സാക്ഷാത്കരിക്കേണ്ടത്. ജീവനെ ആദരിക്കു ന്നതിലും വൈവിധ്യത്തെ സ്വീകരിക്കുന്നതി ലും അധിഷ്ഠിതമാണു ഗാന്ധിയൻ രാഷ്ട്രീയം. ഇൻഫാം ഉൾക്കൊള്ളുന്ന കർഷക ഐക്യവേദിയായ 'ദ പീപ്പിൾ' ലക്ഷ്യമിടുന്നതും സമഗ്രമായ ഒരു മാറ്റമാണ്. ഗ്രാമങ്ങളിലെ ജനങ്ങളിലെ ഹൃദയം തൊട്ടുമനസ്സിലാക്കുന്ന കർഷകരുടെ മുന്നേറ്റത്തിലൂടെയുള്ള മാറ്റമാണ് നമുക്ക് ലക്ഷ്യം വയ്ക്കേണ്ടതെന്നും മാർ അറയ്ക്കൽ പറഞ്ഞു.

## സീറോ മലബാർ സഭയ്ക്ക് ചരിത്രമുഹൂർത്തം

# യൂറോപ്പിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി 2 ഇടവകകൾ അനുവദിച്ചു

ലണ്ടൻ: യൂറോപ്പിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി രണ്ടു വ്യക്തിഗത ഇടവകകൾ അനുവദിച്ചു. മേജർആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അഭ്യർത്ഥന മാനിച്ച് ലങ്കാസ്റ്റർ രൂപതാബിഷപ് മൈക്കിൾ കാംബെൽ ഇടവകകൾ അനുവദിച്ചുകൊണ്ടുള്ള ഡിക്രി പുറത്തിറക്കി.

വി.അൽഫോൻസ, വിശുദ്ധരായ ചാവറ കുര്യാക്കോസ്, എവുപ്രാസ്യ എന്നിങ്ങനെയാണ് പുതിയ ഇടവകകളുടെ പേരുകൾ. ഫാ. മാത്യു ജേക്കബ് ചൂരപ്പൊയ്കയിലാണ് പുതിയ ഇടവകയുടെ വികാരി. പ്രസ്റ്റൺ കേന്ദ്രീകരിച്ചുള്ള സീറോ മലബാർ സഭാ വിശ്വാസികൾക്കായി രൂപീകരിച്ച വി.അൽഫോൻസാ ഇടവക സെന്റ് ഇഗ്നേഷ്യസ് പള്ളി പ്രാർത്ഥനാ ആവശ്യങ്ങൾക്കായി പ്രത്യേകമായി ഉപയോഗിക്കും. ലങ്കാസ്റ്റർ രൂപതയിലെ മറ്റു സീറോ മലബാർ വിശ്വാസികൾക്കുവേണ്ടിയാണ് വിശുദ്ധ ചാവറ കുര്യാക്കോസ്, വിശുദ്ധ എവുപ്രാസ്യ ഇടവക രൂപീകരിച്ചത്. രൂപതയിലെ മറ്റു പള്ളികൾ ഇവരുടെ പ്രാർത്ഥനാവശ്യങ്ങൾക്കായി ഉപയോഗിക്കും.

പുതിയ ഇടവകകൾ അനുവദിച്ചതിൽ അതിയായ സന്തോഷവും കൃതജ്ഞതയുമുണ്ടെന്ന് വികാരി ഫാ.മാത്യു ജേക്കബ് പറഞ്ഞു. ലങ്കാസ്റ്റർ രൂപതാധ്യക്ഷന്റെ തീരുമാനം സീറോ മലബാർ സഭയ്ക്ക് ലഭിച്ച അംഗീകാരമാണെന്ന് അദ്ദേഹം പറഞ്ഞു. പുതിയ ഇടവകകളുടെ രൂപീകരണത്തോടെ ഇവിടുത്തെ സീറോ മലബാർ വിശ്വാസികൾക്ക് ശക്തമായ ഐക്യബോധം പകരും. സാമൂഹിക സാംസ്കാരിക മേഖലകൾ വളരെവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ ചരിത്രപരമായ വളർച്ചയ്ക്കും ഇത് കാരണമാകുമെന്ന് ഫാ. മാത്യു ജേക്കബ് പറഞ്ഞു. ലങ്കാസ്റ്റർ ബിഷപ് മൈക്കിൾ കാംബെൽ, സീറോ മലബാർ സഭ മേജർആർച്ച്ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി എന്നിവർ ചേർന്ന് പ്രസ്റ്റണിലെ സെന്റ് ഇഗ്നേഷ്യസ് ദേവാലയത്തിൽ പുതിയ ഇടവകയുടെ ഉദ്ഘാടനവും ദിവ്യബലിയും നിർവഹിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സീറോ മലബാർ കോർഡിനേറ്റർ ഫാ.തോമസ് പാറയടിയിൽ അറിയിച്ചു.

## ക്രിസ്ത്യാനികൾക്കെതിരെ വീണ്ടും ഐസിസിന്റെ കൊടും ക്രൂരത; എത്യോപ്യൻ ക്രിസ്ത്യാനികളെ കഴുത്തറുത്തും വെടിവച്ചും കൊല്ലുന്ന വീഡിയോ പുറത്തുവിട്ടു

ട്രിപ്പോളി: കഴുത്തറുക്കുന്ന ഐസിസ് ഭീകരത ഒരിക്കൽക്കൂടി ലോകത്തെ ഞെട്ടിക്കുന്നു. ലിബിയയിൽവച്ച് ഐസിസ് ഭീകരർ പിടികൂടിയ എത്യോപ്യൻ ക്രിസ്ത്യാനികളെ കഴുത്തറുത്തും വെടിവച്ചും കൊല്ലുന്ന വീഡിയോ ഇസ്ലാമിക് സ്റ്റേറ്റ് പുറത്തുവിട്ടു. 29 മിനിറ്റ് നീണ്ടുനിൽക്കുന്ന ദൃശ്യങ്ങളാണ് പുറത്തുവന്നത്. ലിബിയയിൽ വച്ചാണ് ഐസിസ് ഇവരെ പിടികൂടിയത്. ഇസ്ലാമിലേയ്ക്ക് മതം മാറാൻ ആവശ്യപ്പെടുന്ന പ്രസ്താവന മുഖംമൂടി ധരിച്ച ആയുധധാരി നടത്തുന്നുണ്ട്. മുഖം മൂടി ധരിച്ച ആയുധധാരികൾ 12 പേരെ കടൽത്തീരത്തുവച്ച് തലയറുത്തുകൊല്ലുന്നതും 16 പേരെ മരുഭൂമി പ്രദേശത്തുവച്ച് വെടിവെച്ചുകൊല്ലുന്നതും ദൃശ്യത്തിലുണ്ട്. ഇസ്ലാം മതത്തിലേയ്ക്ക് പരിവർത്തനം ചെയ്യാത്ത



എല്ലാ ക്രിസ്ത്യാനികളുടെയും അവസ്ഥ ഇതായിരിക്കുമെന്ന ഭീഷണിയും വീഡിയോയിൽ ഭീകരർ മുഴക്കിയിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരിയിൽ ഈജിപ്തിൽ നിന്നു തടവിലാക്കിയ 21 ക്രിസ്ത്യാനികളെ ലിബിയയിലെ കടൽത്തീരത്തുവച്ചു തലയറുത്തുകൊല്ലുന്നതിന്റെ വീഡിയോ ഐസിസ് പുറത്തുവിട്ടിരുന്നു.

## 12 ക്രൈസ്തവരെ നടുക്കടലിൽ എറിഞ്ഞു

വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരുമായി ലിബിയയിൽ നിന്നും ഇറ്റലിയിലേയ്ക്കു പുറപ്പെട്ട ബോട്ടിൽ മതത്തിന്റെ പേരിലുണ്ടായ തർക്കത്തെത്തുടർന്ന് എണ്ണത്തിൽ കുറവുള്ള 12 ക്രൈസ്തവരെ മുസ്ലീം സഹയാത്രികർ നടുക്കടലിൽ എറിഞ്ഞു കൊന്നു. നൂറിലേറെ ആഫ്രിക്കൻ കുടിയേറ്റക്കാരുമായി ഇറ്റലിയിലെ സിസിലി തീരം ലക്ഷ്യം വച്ചുവരികയായിരുന്നു ബോട്ട്. തീരത്തെത്തിയ ബോട്ടിൽ നിന്ന് സംഭവവുമായി ബന്ധപ്പെട്ട് 15 പേരെ ഇറ്റാലിയൻ പോലീസ് അറസ്റ്റുചെയ്തു. എപ്രിൽ 14-നാണ് ലിബിയയിൽ നിന്ന് 105 പേരുമായി ബോട്ട് പുറപ്പെട്ടതെന്ന് തീരത്തെത്തിയ യാത്രക്കാർ പറഞ്ഞു. യാത്രയ്ക്കിടെ നൈജീരിയ, ഘാന എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് കടലിലെറിയപ്പെട്ടത്.

## മലേഷ്യയിൽ 12 ഐസിസ് ഭീകരർ അറസ്റ്റിൽ



കാലാലമ്പൂർ: ഐഎസുമായി ബന്ധമുള്ള 12 പേരെ മലേഷ്യൻ പോലീസ് അറസ്റ്റു ചെയ്തു. ഇവരുടെ പക്കൽനിന്ന് സ്ഫോടകവസ്തുക്കളും പിടിച്ചു. ആസിയാൻ ഉച്ചകോടി നടക്കുന്ന കാലാലമ്പൂരിൽ ഭീകരാക്രമണം നടത്താനുള്ള പദ്ധതി ഇതോടെ പൊളിക്കാനായെന്ന് അധികൃതർ പറഞ്ഞു. 17നും 41നും ഇടയ്ക്കു പ്രായമുള്ളവരാണ് അറസ്റ്റിലായതെന്നും കാലാലമ്പൂരിലും പരിസരത്തും നിന്നാണ് ഇവരെ പിടികൂടിയതെന്നും പോലീസ് മേധാവി ഖാലിദ് അബുബേക്കർ പറഞ്ഞു.

## ലിബിയയിൽ അഞ്ചു മാധ്യമപ്രവർത്തകരെ ഐഎസ് വധിച്ചു

ബെൻഗാസി(ലിബിയ): ലിബിയയിൽ ഒരു ടിവി ചാനലിനായി ജോലി ചെയ്തിരുന്ന അഞ്ചു മാധ്യമ പ്രവർത്തകരെ ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരർ വധിച്ചതായി സൈനിക ഉദ്യോഗസ്ഥൻ അറിയിച്ചു. ലിബിയയുടെ കിഴക്കൻ പ്രവിശ്യയിലാണ് സംഭവം. കഴിഞ്ഞ ഓഗസ്റ്റ് മുതൽ ഇവരെ കാണാതായിരുന്നു.

ലിബിയയിലെ തോബ്രൂക് പട്ടണത്തിൽ നിന്നു ബെൻഗാസിയിലേക്ക് പോകവെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരുടെ അധീനതയിലുള്ള ഡെർണയിൽ നിന്നാണ് ഇവർ അപ്രത്യക്ഷരായത്. ഇവരുടെ മൃതദേഹങ്ങൾ ലിബിയയിലെ കിഴക്കൻ നഗരമായ ബായ്ദയിൽ നിന്നു കണ്ടെത്തിയ വിവരം സൈനിക ഉദ്യോഗസ്ഥനായ ഫറാജ് അൽ-ബറാസിയാണ് അറിയിച്ചത്. കഴുത്തറുത്ത നിലയിലായിരുന്നു മൃതദേഹങ്ങൾ. ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരാണ് ഇവരുടെ കൊലപാതകങ്ങൾക്കു പിന്നിലെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം ഐഎസ് മേധാവിയും സംഘടനയുടെ നിയന്ത്രണത്തിലുള്ള മേഖലയിലെ സ്വയം പ്രഖ്യാപിത ഖലീഫയുമായ അബൂബക്കർ അൽ ബാഗ്ദാദി മരിച്ചതായി റേഡിയോ ഇറാൻ റിപ്പോർട്ട് ചെയ്തു. അൽ-ഖ്വയ്ദയുടെ ഇറാക്കിലെ പ്രാദേശിക ഘടകത്തിന്റെ നേതൃത്വം 2010-ൽ ബാഗ്ദാദി ഏറ്റെടുത്ത ശേഷമാണ് അതു രാജ്യാന്തര ഭീകര സൈനിക സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാക്ക് ആൻഡ് സിറിയ ആയി വളർന്നത്.



മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

52

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച).....

അന്യോന്യം അറിയാൻ-നമ്മുടെ വേർപെട്ട സഹോദരരുടെ ചിന്താഗതി നാം മനസ്സിലാക്കണം. ഇത് ഒരു സമഗ്രപഠനംമൂലമേ സാധ്യമാകൂ. പ്രസ്തുത പഠനമാകട്ടെ സത്യത്തിന്റെയും സന്മനോഭാവത്തിന്റെയും പിൻബലത്തോടുകൂടിയായിരിക്കണംതാനും. വേർപെട്ട സഹോദരങ്ങളുടെ പഠനങ്ങൾ, അവരുടെ ചരിത്രം, ആദ്ധ്യാത്മികവും ആരാധനാപരവുമായ ജീവിതം, മതാത്മകമായ മാനസികവീക്ഷണം, പൊതുവായ പശ്ചാത്തലം എന്നിവയിലെല്ലാം വ്യവസ്ഥാപിതമായ രീതിയിൽ കത്തോലിക്കർ കൂടുതൽ സൂക്ഷ്മമായ ജ്ഞാനം സമ്പാദിക്കേണ്ടത് ആവശ്യമാണ്. രണ്ടുഭാഗങ്ങളും തമ്മിലുള്ള ചർച്ചകളാണ് ഇവയ്ക്കുപകരിക്കുന്ന സുഗമമായ മാർഗ്ഗം. പ്രത്യേകിച്ച് ഓരോ ഭാഗത്തുനിന്നും സമഭാവനയോടെ നിർവഹിക്കുന്ന ദൈവശാസ്ത്രസംബന്ധമായ പ്രശ്നങ്ങളിലേയ്ക്കു വെളിച്ചം വീശുന്ന ചർച്ചകൾ ഇവയിൽ ഇരുഭാഗത്തിനും സമനിലയിൽ വർത്തിക്കാൻ സാധിക്കുന്നു. എന്നാൽ ഒരു കാര്യം ശ്രദ്ധയിൽ വയ്ക്കണം. ചർച്ചകളിൽ പങ്കെടുക്കുന്നവർ ആ വിഷയങ്ങളിൽ നല്ല പ്രാവീണ്യം നേടിയവരും അധികാരികളാൽ അംഗീകൃതരുമായിരിക്കണം. ഇപ്രകാരമുള്ള 'ഡയലോഗിൽ'നിന്ന് കത്തോലിക്കാസഭയുടെ യഥാർത്ഥത്തിലുള്ള നിലപാടെന്താണെന്നുള്ള കാര്യം കൂടുതൽ വ്യക്തമാകും. മാത്രമല്ല നമ്മുടെ വേർപെട്ട സഹോദരങ്ങളുടെ വീക്ഷണഗതി നമുക്ക് കൂടുതൽ വിശദമായി ഗ്രഹിക്കാനും അവസരം ലഭിക്കുകയും ചെയ്യും. അതൊടൊപ്പം നമ്മുടെ വിശ്വാസം അവരുടെ മുമ്പിൽ കൂടുതൽ ഉചിതമായ രീതിയിൽ അവതരിപ്പിക്കാൻ നമുക്ക് സാധിക്കും.



**സഭൈക്യ പരിശീലനം**-ദൈവശാസ്ത്രവും അതിനോട് ഒത്തുപോകുന്ന മറ്റു പഠനങ്ങളും പ്രത്യേകിച്ച് ചരിത്രവും 'എക്യുമെനിക്കൽ' വീക്ഷണത്തിൽ പഠിപ്പിക്കണം. ഈ പഠനങ്ങൾ വസ്തുനിഷ്ടമായ സത്യങ്ങളോട് കൃത്യമായി പൊരുത്തപ്പെട്ടതാകണം.

ഇങ്ങനെ വേർപെട്ട സഹോദരങ്ങളും കത്തോലിക്കാസഭയും തമ്മിലുള്ള ഐക്യത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രത്യേകിച്ചും വാദപ്രതിവാദനരീതി ഒഴിവാക്കി കൃത്യമായി വിശദീകരിക്കുന്ന ദൈവശാസ്ത്രത്തിൽ ഭാവി ഇടയന്മാരും വൈദികരും പ്രാവീണ്യം നേടേണ്ടതാണ്. വിശ്വാസികളുടെയും സന്യാസികളുടെയും ആവശ്യമായ പരിശീലനവും രൂപവൽക്കരണവും ഏറ്റം പ്രധാനമായി ആശ്രയിച്ചിരിക്കുന്നത് വൈദികരുടെ രൂപവൽക്കരണത്തെയാണ്. മറ്റു ക്രൈസ്തവ സഹോദരങ്ങളോടൊത്ത് ഒരേ സ്ഥലത്ത് പ്രേഷിതപ്രവർത്തനം നടത്തുന്ന കത്തോലിക്കർ സഭൈക്യപ്രസ്ഥാനം അവതരിപ്പിക്കുന്ന പ്രശ്നങ്ങളും, അതോടൊപ്പം അതിന്റെ സദ്ഫലങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. പ്രത്യേകിച്ച് ഇക്കാലത്ത് അത് അത്യാവശ്യവുമാണ്.

**കത്തോലിക്കാ വിശ്വാസാവതരണം**-കത്തോലിക്കാവിശ്വാസം അവതരിപ്പിക്കുന്ന രീതിയും പദ്ധതികളും ഡയലോഗിന് യാതൊരുവിധ വിഘ്നവും ഉണ്ടാക്കിക്കൂടാ. അതേസമയം സഭയുടെ പഠനങ്ങൾ വ്യക്തമായും സമഗ്രമായും കാണിച്ചുകൊടുക്കണമെന്നുള്ളത് അപരിത്യാജ്യവുമാണ്. തെറ്റായ ഒരൊത്തുതീർപ്പുമനോഭാവത്തോളം സഭൈക്യ ചൈതന്യത്തിനു കടകവിരുദ്ധമായ മറ്റൊന്നില്ല. അതു സഭയുടെ മൗലികതത്വങ്ങളുടെ പരിശുദ്ധിക്ക് കോട്ടംവരുത്തുകയും സുനിശ്ചിതവും യഥാർത്ഥവുമായ അതിന്റെ ആശയങ്ങളെ നിഷ്പ്രഭമാക്കുകയും ചെയ്യും.

അതേസമയം നമ്മുടെ വേർപെട്ട സഹോദരങ്ങൾ ശരിയായ ഗ്രഹിക്കത്തക്കവിധത്തിൽ അവഗാഢമായും കൃത്യമായും കത്തോലിക്കാവിശ്വാസം വിവരിച്ചുകൊടുക്കുകയും വേണം.

സഭൈക്യസംഭാഷണത്തിൽ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ പഠനങ്ങളിൽ ഉറച്ചുനിന്ന് വേർപിരിഞ്ഞ സഹോദരങ്ങളോട് യോജിച്ച് ദൈവരഹസ്യങ്ങളുടെ പഠനത്തിൽ വ്യാപൃതരാകുമ്പോൾ സത്യത്തോടുള്ള സ്നേഹത്താൽ പ്രേരിതരായി വിനയത്തോടും സ്നേഹത്തോടുകൂടി വർത്തിക്കണം. മൗലികതത്വങ്ങളെ താരതമ്യം ചെയ്യുമ്പോൾ സഭയുടെ പഠനങ്ങളിൽ ഒരു അവരോഹണക്രമമുണ്ടെന്ന വസ്തുത ഓർത്തിരിക്കണം. കാരണം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളോട് അവ വ്യത്യസ്ഥരീതികളിൽ ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെ സഹോദരോചിതമായ ഒരു മത്സരംവഴി ക്രിസ്തുവിന്റെ അപരിമേയമായ മൂല്യങ്ങളെപ്പറ്റി തെളിവാർന്ന ഒരു പ്രകാശനവും ആഴമേറിയ അറിവും സമ്പാദിക്കാൻ എല്ലാവർക്കും പ്രേരണ ലഭിക്കുന്നതിനു വഴി തുറക്കുന്നു.

**വേർപെട്ട സഹോദരങ്ങളുമായുള്ള സഹകരണം**-ത്രിയേകദൈവത്തിലും തങ്ങളുടെ രക്ഷകനും കർത്താവും അവതരിച്ച വചനവുമായ ദൈവസുതനിലും ഉള്ള വിശ്വാസം സകല ക്രൈസ്തവരുംകൂടി എല്ലാ ജനതയുടെയും മുമ്പിൽ ഏറ്റുപറയട്ടെ. സംഘാതപ്രയത്നത്തോടും പരസ്പര ബഹുമാനത്തോടുംകൂടി വഞ്ചനയ്ക്കതീതമായ പ്രത്യാശയ്ക്ക് നമുക്ക് സാക്ഷികളാകാം. സാമൂഹ്യകാര്യങ്ങളിൽ വിപുലമായി സഹകരിച്ചുപ്രവർത്തിക്കുന്ന ഈയവസരത്തിൽ സകലമനുഷ്യരും യോജിച്ചുപ്രവർത്തിക്കാൻ നിശ്ചയമായും വിളിക്കപ്പെടുന്നുണ്ട്. കൂടുതലായ ന്യായത്താൽ ഈയവസരത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നവർ, പ്രത്യേകിച്ച് ക്രിസ്തുനാമം വഹിക്കുന്ന ക്രിസ്ത്യാനികൾ സഹകരിച്ചു പ്രവർത്തിക്കണം. എല്ലാ ക്രിസ്ത്യാനികളുടെയും ഈ സഹകരണം നേരത്തെതന്നെ അവരിൽ സ്ഥിതിചെയ്യുന്ന ആ ഐക്യത്തെ പ്രകാശിപ്പിക്കുന്നു. അതോടെ ദാസവേഷമണിഞ്ഞ ക്രിസ്തുവിന്റെ വ്യക്തിപ്രാഭവം കൂടുതൽ പ്രശോഭിതമാകുന്നു.

(തുടരും)

**സഭൈക്യസംഭാഷണത്തിൽ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ പഠനങ്ങളിൽ ഉറച്ചുനിന്ന് വേർപിരിഞ്ഞ സഹോദരങ്ങളോട് യോജിച്ച് ദൈവരഹസ്യങ്ങളുടെ പഠനത്തിൽ വ്യാപൃതരാകുമ്പോൾ സത്യത്തോടുള്ള സ്നേഹത്താൽ പ്രേരിതരായി വിനയത്തോടും സ്നേഹത്തോടുകൂടി വർത്തിക്കണം.**

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

# പ്രാർത്ഥനാധിഷ്ഠിത ജീവിതം



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ



8

**(കഴിഞ്ഞ ലക്കം തുടർച്ച)**

47. മധ്യസ്ഥപ്രാർത്ഥനയിൽ യേശു പ്രത്യേകം ശ്രദ്ധിച്ചിരുന്നായി സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിൽ നാം പ്രധാനമായും വായിക്കുന്നതു അവിടുന്നു തന്റെ ശിഷ്യരുടെ നന്മയ്ക്കും ഉന്നമനത്തിനും വേണ്ടി നടത്തുന്ന പ്രാർത്ഥനയാണ്. ശിഷ്യന്മാർ ഐക്യത്തിൽ ഒന്നായിരിക്കുന്നതിനും അവർ വിശുദ്ധിയിൽ വളരുന്നതിനും (17:17) ദുഷ്ടനിൽ നിന്നു അവർ വിമോചിതരാകുന്നതിനും വേണ്ടിയൊക്കെ (17:15) യേശു പ്രാർത്ഥിക്കുന്ന കാഴ്ചയാണു നാം അവിടെ കാണുക. വേറൊരവസരത്തിൽ, യേശു പത്രോസിനു വേണ്ടി പ്രാർത്ഥിച്ച കാര്യം അവിടുന്നു തന്നെ പറയുന്നുണ്ട്: "നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു" (ലൂക്കാ 22:31). യേശു ശിഷ്യർക്കു വേണ്ടി പ്രാർത്ഥിച്ച അവസരത്തിൽ നമ്മെ മുന്നിൽ കണ്ടുകൊണ്ടു നമുക്കായി മധ്യസ്ഥപ്രാർത്ഥന നടത്തി എന്നതു നമ്മെ ആഹ്ലാദഭരിതരാക്കേണ്ടതാണ്. അവിടുത്തെ പ്രാർത്ഥന ശ്രദ്ധിക്കൂ: "അവർക്കു വേണ്ടി മാത്രമല്ല, അവരുടെ വചനം നിമിത്തം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണു ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹന്നാൻ 17:20). ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നതനുസരിച്ച് "എന്നേക്കും ജീവിക്കുന്നവനായ അവൻ" നമുക്കുവേണ്ടി "മാധ്യസ്ഥ്യം വഹിക്കുന്നു"(7:25).

48. "മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിന്റെ വലതുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നവനുമായ യേശുക്രിസ്തു" (റോമാ 8:34) വിനെപ്പോലെ സ്വന്തം ജീവിതം മധ്യസ്ഥ പ്രാർത്ഥനയ്ക്കു മാറ്റിവച്ച അപ്പസ്തോലനായിരുന്നു പൗലോസ്. തന്മൂലമാണ്, "ഞാൻ നിങ്ങളെ ഓർമ്മിക്കുമ്പോഴെല്ലാം എന്റെ ദൈവത്തിനു നന്ദി പറയുന്നു; എപ്പോഴും എന്റെ എല്ലാ പ്രാർത്ഥനകളിലും നിങ്ങൾ ക്കെല്ലാവർക്കും വേണ്ടി സന്തോഷത്തോടെ യാചിക്കുന്നു" എന്നു ഫിലിപ്പിയർക്കും (1:3) "ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു" എന്നു എഫേസോസിലുള്ളവർക്കും (3:17) അദ്ദേഹം എഴുതിയത്.

49. ഇസ്രായേൽ ജനത്തിന്റെ പാപംമൂലം അവരെ നശിപ്പിക്കുവാൻ ദൈവം തയ്യാറെടുക്കുമ്പോൾ "ഞാൻ ആ ദേശത്തെ നശിപ്പിക്കാതിരിക്കേണ്ടതിനു കോട്ട പണിയാനോ കോട്ടയുടെ വിള്ളലിൽ നിലയുറപ്പിക്കാനോ തയ്യാറുള്ള ഒരുവനെ അവരുടെയിടയിൽ ഞാൻ അന്വേഷിച്ചു: എന്നാൽ ആരെയും കണ്ടില്ല" (എസക്കിയേൽ 22:30) എന്നു ദൈവം വിലപിക്കുന്നുണ്ട്. അതായത് തന്റെ ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിക്കുവാൻ തയ്യാറുള്ളവരെ അവിടുന്നു അന്വേഷിച്ചിട്ടു കണ്ടെത്തിയില്ല എന്നു ചുരുക്കം. ദൈവജനത്തിനു വേണ്ടി ദൈവത്തോടു മാധ്യസ്ഥ്യം യാചിക്കുവാൻ ആരെയും കാണാത്തതിൽ അവിടുന്നു ആശ്ചര്യപ്പെടുന്നതായി ഏശയ്യയുടെ പുസ്തകത്തിലും (59:16) നാം വായിക്കുന്നുണ്ട്. മോശ ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചുതുകൊണ്ടാണു ദൈവം പല ശിക്ഷ കളിൽ നിന്നും അവരെ ഒഴിവാക്കിയതു എന്നു സങ്കീർത്തനത്തിൽ (106:23) പറയുന്നുമുണ്ട്. പുറപ്പാടു പുസ്തകത്തിലെ 32-ാം അധ്യായത്തിൽ ഇസ്രായേൽ ജനത്തിനെ അവർക്കുള്ള ശിക്ഷയിൽ നിന്നൊഴിവാക്കുന്നതിനു പകരമായി തന്റെ പേരു ജീവന്റെ പുസ്തകത്തിൽനിന്നു മായിച്ചുകളഞ്ഞാലും എന്നു പറഞ്ഞു മാധ്യസ്ഥ്യം യാചിക്കുന്ന മോശ യെയാണു നാം കാണുക.

50. മോശയുടെ പ്രാർത്ഥന ദൈവം ശ്രദ്ധിച്ചതുപോലെ, മറ്റുള്ളവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന എപ്പോഴും ശ്രദ്ധിക്കുന്നവനാണു ദൈവം. അതുകൊണ്ടുതന്നെ ദൈവജനത്തിന്റെ മുൻപിലും ദൈവജനത്തിന്റെയും ദൈവത്തിന്റെയും മദ്ധ്യത്തിലും നിൽക്കുന്ന വൈദികരെന്ന രീതിയിൽ നമ്മുടെ പ്രാർത്ഥനകളിൽ മധ്യസ്ഥ പ്രാർത്ഥനയ്ക്കു സുപ്രധാനമായ സ്ഥാനമുണ്ടാകണം. നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം അതിനാൽത്തന്നെ ശക്തി പ്രാപിക്കുന്നു എന്നതു നമ്മുടെ ഓർമ്മയിലുണ്ടാകട്ടെ. നമ്മുടെ പ്രാർത്ഥനയുടെ അഭാവംമൂലം ആരെങ്കിലും ശിക്ഷിക്കപ്പെട്ടാൽ അതു നമ്മുടെ തന്നെ ദോഷത്തിനായിട്ടല്ലേ ഭവിക്കൂ? എന്നാൽ മധ്യസ്ഥപ്രാർത്ഥനകൾക്കു നാം പ്രാധാന്യം നൽകുമ്പോഴും നമ്മുടെ പ്രാർത്ഥനയുടെ പ്രധാനഭാഗം ദൈവത്തിനുള്ള ആരാധനയും സ്തുതിയും പുകഴ്ചയുമായിരിക്കണം. കാരണം, ദൈവം നമ്മുടെ പ്രാർത്ഥനകളിൽ കാണണമെന്നു പ്രതീക്ഷിക്കുന്നതു പ്രധാനമായും "സ്തുതിയുടെ മേലങ്കി" യാണ് (ഏശയ്യാ 61 :3).

**മോശയുടെ പ്രാർത്ഥന ദൈവം ശ്രദ്ധിച്ചതുപോലെ, മറ്റുള്ളവർക്കു വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന എപ്പോഴും ശ്രദ്ധിക്കുന്നവനാണു ദൈവം. നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം അതിനാൽത്തന്നെ ശക്തി പ്രാപിക്കുന്നു എന്നതു നമ്മുടെ ഓർമ്മയിലുണ്ടാകട്ടെ.**

### പ്രാർത്ഥന കേൾക്കുന്ന ദൈവം

51. ദൈവം എപ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുന്നവനാണ്. പ്രാർത്ഥനയുടെ മഹാത്മ്യവും ശക്തിയും സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിട്ടുള്ള ദാവീദ് എഴുതുന്നു: "എന്റെ പ്രാർത്ഥനയുടെ സ്വരം അവിടുന്നു ശ്രവിച്ചു. അവിടുന്നു എനിക്ക് ചെവി ചായിച്ചു തന്നു" (സങ്കീ. 116:2). അദ്ദേഹം വീണ്ടും എഴുതുന്നു: "ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു; അവിടുന്നു എനിക്കുത്തരമരുളി" (സങ്കീ.34:4). "അഗതികളുടെ പ്രാർത്ഥന അവിടുന്നു കേൾക്കും; അവരുടെ യാചനകൾ നിരസിക്കുകയില്ല" (സങ്കീ. 102: 17) എന്നു വിശുദ്ധ ഗ്രന്ഥം ഉറപ്പു തരുന്നുണ്ട്. "കർത്താവ് നീതിമാന്മാരെ കടാക്ഷിക്കുന്നു; അവിടുന്നു അവരുടെ പ്രാർത്ഥന ശ്രവിക്കുന്നു" (സങ്കീ. 34:15), "നീതിമാന്മാർ സഹായത്തിനു വിളിക്കുമ്പോൾ കർത്താവ് കേൾക്കുന്നു" (സങ്കീ. 34:17) എന്നൊക്കെ ദൈവവചനം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

52. "വിളിക്കും മുമ്പേ ഞാൻ അവർക്കു ഉത്തരമരുളും; പ്രാർത്ഥിച്ചു തീരും മുമ്പേ ഞാൻ അതു കേൾക്കും" (ഏശയ്യാ 65:25) എന്ന ദൈവത്തിന്റെ വാഗ്ദാനം അവിടുന്നു എപ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുമെന്ന ആത്മവിശ്വാസം നമുക്കു പകർന്നു തരുന്നു. അതുപോലെ നാം എപ്പോഴൊക്കെ എന്തിനായി പ്രാർത്ഥിച്ചാലും അപ്പോഴൊക്കെ അവിടുത്തെ പരിശുദ്ധാത്മാവിനെ നമുക്കു ലഭിക്കുമെന്നുള്ള യേശുവിന്റെ ഉറപ്പ് (ലൂക്കാ 11:13) ദൈവം എപ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുന്നു എന്നതിന്റെ തെളിവല്ലയോ?

(തുടരും)

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

**b) ഇടവക**

സദാ സാർവത്രികമാനമുള്ള സഭാസമൂഹത്തിന്റെ പ്രഥമവും ദൃശ്യവുമായ അനുഭവം ഏറ്റവും കൂടുതലായി പ്രകടിതമാകുന്നത് ഇടവകയിലാണ്. അവിടെയാണ് സഭ പ്രാദേശികമായി കാണപ്പെടുന്നത്. ഒരർത്ഥത്തിൽ *തന്റെ പുത്രീപുത്രന്മാരുടെ ഭവനങ്ങളിൽ സഭ കുടികൊള്ളുന്നതാണ് ഇടവക.*

വിശ്വാസത്തിന്റെ വെളിച്ചത്തിൽ എല്ലാവരും ഇടവകയുടെ യഥാർത്ഥപൊരുൾ വീണ്ടും കണ്ടെത്തുക ആവശ്യമാണ്. ഇടവകയിലാണ് സഭാരഹസ്യം സന്നിഹിതമായിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഒരുവേള ആളും അർത്ഥവും കുറഞ്ഞേക്കാം. അല്ലെങ്കിൽ, വിശാലമായ അതിർത്തികൾക്കുള്ളിൽ ചിതറിക്കിടന്നേക്കാം. അതുമല്ലെങ്കിൽ ആൾത്തിരക്കിലും അലങ്കോലത്തിലും ആധുനിക പ്രദേശങ്ങളിൽപ്പെട്ട് എന്നും കണ്ണിൽപ്പെടാതെ കിടന്നേക്കാം. അങ്ങനെയുള്ള ഇടവക, പ്രധാനമായും ഒരു ഘടനയോ പ്രദേശമോ കെട്ടിടമോ അല്ല; പ്രത്യുത ദൈവത്തിന്റെ കുടുംബം; ഐക്യപ്പെടുത്തുന്ന അരൂപി ഉജ്ജ്വലിക്കുന്ന ഒരു കൂട്ടായ്മയാണത്. നമ്മെ സ്വാഗതം ചെയ്യുന്ന വീടും കുടുംബവുമാണത്. വിശ്വാസികളുടെ ഒരു സമൂഹം ലളിതമായിപ്പറഞ്ഞാൽ ഇടവക ദൈവശാസ്ത്രപരമായ യാഥാർത്ഥ്യത്തിൽ പടുത്തുയർത്തപ്പെട്ടതാണ്. കാരണം, അത് ഒരു ദിവ്യകാരുണ്യസമൂഹമാണ്. അതായത് ദിവ്യബലി ആഘോഷത്തിനു തികച്ചും അനുയോജ്യമായ ഒരു സമൂഹം. ഈ സമൂഹത്തെ പടുത്തുയർത്തുന്നതിനും സഭ മുഴുവനോടുമുള്ള പൂർണ്ണമായ കൂട്ടായ്മയുമായി കൗദാശികബന്ധം സ്ഥാപിക്കുന്നതിനുമുള്ള സജീവസ്രോതസാണ് ദിവ്യകാരുണ്യം. ഒരു വിശ്വാസസമൂഹവും ഒരു ജീവസ്സുറ്റ സമൂഹ (organic community)വുമാണ് എന്ന വസ്തുതയിലാണ് മേൽപ്പറഞ്ഞ അനുരൂപത വേരൂന്നിനിൽക്കുന്നത്. അങ്ങനെയുള്ള ഇടവകസമൂഹം പൗരോഹിത്യ ശുശ്രൂഷകരും അല്മായ വിശ്വാസികളും ചേർന്നതാണ്. രൂപതാധ്യക്ഷന് പ്രതിനിധീഭവിക്കുന്ന ഇടവകവികാരി പ്രാദേശിക സഭ മുഴുവനുമായുള്ള ഹയരാർക്കിപരമായ ബന്ധം കുറിക്കുന്നു.

നഗരവത്കൃതപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടതായാലും മിഷൻ പ്രദേശങ്ങളിലുള്ളവയായാലും പല ഇടവകകൾക്കും തങ്ങളുടെ ദൗത്യം ഫലപ്രദമായി നിറവേറ്റാൻ കഴിയുന്നില്ല. കാരണങ്ങൾ പലതാണ്: അവയ്ക്കുള്ള ഭൗതികവിഭവശേഷിയുടെയോ വൈദികരുടെയോ (പട്ടമേറ്റവരുടെയോ) അഭാവം, ഭൂമിശാസ്ത്രപരമായ അതിവിസ്തൃതി, ചില ക്രൈസ്തവരുടെ പ്രത്യേകസാഹചര്യങ്ങൾ (ഉദാഹരണമായി നാടുകടത്തപ്പെട്ടവരോ കുടിയേറിയവരോ ആയ ക്രൈസ്തവർ) എന്നിവ. ഇത്തരത്തിലുള്ള ഇടവകകൾ യഥാർത്ഥ ക്രൈസ്തവ സമൂഹങ്ങളാകാൻവേണ്ടി തദ്ദേശീയ സഭാധികാരികൾ താഴെപ്പറയുന്ന കാര്യങ്ങൾ വളർത്തിയെടുക്കണം:

**എ)** കാനൻ നിയമം അനുവദിക്കുന്ന സ്വാതന്ത്ര്യം പരമാവധി സ്വീരിച്ചുകൊണ്ട് ഇടവകസംവിധാനങ്ങൾ അനുരൂപപ്പെടുത്തണം. പ്രത്യേകിച്ച് അജപാലനചുമതലകളിൽ അല്മായർക്ക് പങ്കാളിത്തം നൽകുന്ന കാര്യങ്ങൾ.

**ബി)** ദൈവവചനം പകർന്നുകൊടുക്കുന്ന പരസ്പര സ്നേഹത്തിലും സേവനത്തിലും ദൈവവചനം പ്രാവർത്തികമാക്കി ജീവിക്കുന്ന വിശ്വാസികളുടെ സജീവകൂട്ടായ്മയെന്നറിയപ്പെടുന്ന ചെറുതും അടിസ്ഥാനപരവുമായ സമൂഹങ്ങൾ വളർത്തിയെടുക്കണം. ഈ സമൂഹങ്ങളാകട്ടെ, തങ്ങളുടെ അജപാലകരോടുള്ള കൂട്ടായ്മയിൽ സഭൈക്യത്തിന്റെ യഥാർത്ഥ സാക്ഷികളും സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രങ്ങളുമാണ്. ഇടവകകളുടെ നവീകരണത്തിനും അവയുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരേ പ്രദേശത്തുള്ള വിവിധ ഇടവകകളിൽ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽപോലും വിവിധ തരത്തിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**ഇടവകയിലെ അല്മായ പ്രതിജ്ഞാബദ്ധത**

സുനഹദോസ് വീണ്ടും ആധികാരികമായി ഇങ്ങനെ പറയുന്നു: "സംഘടിതമായ പ്രേഷിതപ്രവർത്തനത്തിന്റെ ഉത്തമോദാഹരണമാണ് ഇടവക. ഒട്ടേറെ മാനുഷിക വൈവിധ്യങ്ങൾ ഒരിടവക സ്വപരിധിക്കുള്ളിൽ കൂട്ടിയിണക്കുകയും സഭയുടെ സാർവത്രികത്വത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നു. ഇടവകയിലെ വൈദികരോട് യോജിച്ചുപ്രവർത്തിക്കാൻ അല്മായർ ശീലിക്കണം. വ്യക്തിപരവും ലോകം മുഴുവനെയും ബാധിക്കുന്നതുമായ പ്രശ്നങ്ങൾ അവർ സഭാസമൂഹത്തിൽ കൊണ്ടുവന്നു ചർച്ചചെയ്യുകയും പരിഹാരം കണ്ടെത്താൻ ഒത്തൊരുമിച്ചു ശ്രമിക്കുകയും വേണം. ഇടവകയുടെ പ്രേഷിതപ്രവർത്തന സംരംഭങ്ങളെയെല്ലാം തങ്ങളാലാവുംവിധം അവർ സഹായിക്കണം.

ഇന്നത്തെ സാഹചര്യങ്ങളിൽ അല്മായവിശ്വാസികൾക്ക് കർമ്മശേഷി വളരെ കൂടുതലുണ്ട്. അതുകൊണ്ടുതന്നെ അവരുടെ ഇടവകകളിൽ, അവിശ്വാസികളിലും വിശ്വാസം കൈവെടിയുകയോ ക്രൈസ്തവജീവിതത്തിനു മാന്ദ്യംനേരിടുകയോ ചെയ്ത വിശ്വാസികളിൽതന്നെയും പ്രേഷിതാവേശം പുനരുജ്ജീവിപ്പിക്കാൻവേണ്ടി ആധികാരികമായ സഭാകൂട്ടായ്മയുടെ വളർച്ചയ്ക്ക് വളരെയധികം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**c) കൂട്ടായ്മകളിലെ സജീവത്വം**

കൂട്ടായ്മയാണ് സഭ എന്ന ദൈവശാസ്ത്ര ചിന്തയുടെ അടിസ്ഥാനത്തിൽ അല്മായ വിളിയെയും ദൗത്യത്തെയും ചിന്താവിഷയമാക്കുമ്പോൾ സഭാശുശ്രൂഷകളുടെ വൈവിധ്യമാർന്ന പങ്കാളിത്തമാണ് കൂട്ടായ്മയിൽ എല്ലാവരെയും ഒന്നിപ്പിക്കുന്നത് എന്നു വരുന്നു. പങ്കുവയ്ക്കുന്നവരും ശുശ്രൂഷകളിലൂടെ സേവനം ചെയ്യുന്നവരും "....ഒരു ഹൃദയവും ഒരാത്മാവും ആയിരി"(അപ്പ.4:32) ക്കുന്നത് കൂട്ടായ്മയിലൂടെയാണ്. നമ്മുടെ കൂട്ടായ്മകളിൽ സഭാമക്കളുടെ സജീവത്വത്തെക്കുറിച്ച് നാം വിലയിരുത്തേണ്ടതും, മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുമാണ്.

**d) കുടുംബങ്ങളിലെ അരൂപി**

വ്യക്തി എന്ന നിലയിൽ ഓരോ ആളിന്റെയും അനന്യതയും പ്രവർത്തനങ്ങളും മൂലം, ഓരോ വ്യക്തിയും സഭാസമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള സേവനത്തിനു നിയുക്തനാണ്. വി.ഗ്രിഗറി ഇങ്ങനെ എഴുതുന്നു: "തിരുസ്സഭയിൽ എല്ലാവരെയും ഓരോരുത്തരും പരിപോഷിപ്പിക്കുന്നു, ഓരോരുത്തരെയും എല്ലാവരും പരിപോഷിപ്പിക്കുന്നു." പ്രേഷിതത്വത്തെപ്പറ്റി സൂനഹദോസ് നിഷ്കർഷിക്കുന്നത് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ നിന്നുത്ഭവിക്കുന്ന വ്യക്തിപരമായ പ്രേഷിതത്വമാണ് (cf.യോഹ).

പല വ്യക്തികളെ ഒരുമിച്ചു ചേർക്കുന്ന അടിസ്ഥാനഘടകം കുടുംബമാണ്. ഗാർഹികസഭയാണ് സാർവത്രികസഭയുടെ ശക്തിയും ചൈതന്യവും. വൈദികരും സന്യസ്തരും മെത്രാന്മാരും സഭാതലവന്മാരായിരുന്ന മാർപാപ്പാമാരും ജന്മമെടുത്തത് ഈ കുടുംബങ്ങളിൽ നിന്നാണ്. കുടുംബങ്ങൾ തകർന്നാൽ സഭയുടെ അടിത്തറ തകരും. ഇവിടെ അരൂപി നിറഞ്ഞാൽ, പ്രാർത്ഥനാചൈതന്യം പങ്കുവെച്ചാൽ സഭ വളരും. സുവിശേഷത്തിന്റെ സാക്ഷ്യങ്ങൾ കുടുംബങ്ങളിലുണ്ടാകണം.

(തുടരും)



**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile: 9746085144

# വഴിതെറ്റുന്ന യുവത്വം തകരുന്ന കുടുംബം



സൂരജ് ഒരു പ്രൈവറ്റ് കമ്പനിയിൽ നല്ല ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനാണ്. ഭാര്യ ഒരു സ്വകാര്യ സ്കൂളിൽ അദ്ധ്യാപികയാണ്. വിവാഹം കഴിച്ചിട്ട് 4 മാസമായി. ദാമ്പത്യബന്ധത്തിലും ലൈംഗികതയിലും വിരസരയനുഭവപ്പെടുന്നുവെന്നാണ് പരാതി. പങ്കാളിയുമായി ലൈംഗികതയിലേർപ്പെടുമ്പോൾ പൂർണ്ണമായി സന്തോഷിക്കാനാവുന്നില്ല. എല്ലായ്പ്പോഴും അമിതമായ ആകാംഷയും ആശങ്കയുമാണ്. അയാളുടെ ചെറുപ്പകാലത്തിലെ ഓർമ്മകൾ അയാൾ ഒന്നൊന്നായി എന്റെ മുമ്പിൽ അവതരിപ്പിച്ചു. ധാരാളം വീടുകൾ അടുത്തടുത്തുള്ള ഒരു കോളനിയിലാണ് താമസം. എല്ലാവരും തന്നെ തൊഴിലാളികളും താഴ്ന്ന വരുമാനക്കാരുമാണ്. പിതാവ് ചുമട്ടുതൊഴിലാളിയാണ്. അയാൾ മദ്യപിച്ച് രാത്രിയിൽ വന്ന് വഴക്കുണ്ടാക്കും. സൂരജിനേയും അമ്മയേയും മർദ്ദിക്കും. ചീത്തപറയും. ഒരു രാത്രി പോലും ഭയമില്ലാതെ ഉറങ്ങുവാൻ കഴിയുമായിരുന്നില്ല എന്ന് സൂരജ് വേദനയോടെ ഓർക്കുന്നു. അമ്മ പാവമാണ്. എന്തുചെയ്താലും പ്രതികരിക്കുകയില്ല. സഹിച്ച് കാലം തള്ളിനീക്കുന്ന ഒരു സാധുസ്ത്രീയാണവർ. അമ്മ പ്രതികരിക്കാത്തതിന് സൂരജിന് അവരോട് അമർഷമാണ്. വീട്ടിലെ സംഘർഷംമൂലം സൂരജ് സ്കൂൾ വിട്ടുവന്നാൽ പുറത്ത് മറ്റുവീടുകളിലൊക്കെ പോകും. ചില മുതിർന്ന ആളുകൾ അവനെ ലൈംഗികമായി ദുരുപയോഗം ചെയ്യുവാൻ തുടങ്ങി. ക്രമേണ അവൻ ഒരു സ്വവർഗ്ഗരതിക്കാരനായി മാറി. ഇത് മനസിലാക്കിയ പലരും അവനുമായി അടുത്തു. അവരുമായൊക്കെ അവൻ രാത്രിയിലും പകലും സ്വവർഗ്ഗരതിയിലേർപ്പെട്ടു. ലൈംഗികത അവനെ ഹരംപിടിപ്പിച്ചു. ചില മുതിർന്നവർ അവനെ നീലച്ചിത്രങ്ങൾകാണിച്ച് ലൈംഗികതയ്ക്ക് ഉത്തേജനം നൽകി. അതിനാൽ അത്തരം ചിത്രങ്ങളോടും അവന് താല്പര്യം ജനിച്ചു. അപ്പൻ സുബോധമില്ലാത്തയാളായതിനാലും അമ്മയ്ക്കു യാതൊന്നിനും സ്വാതന്ത്ര്യമില്ലാതിരുന്നതിനാലും അവനെ നിയന്ത്രിക്കുവാനോ നിരീക്ഷിക്കുവാനോ തിരുത്തുവാനോ ആരും ഇല്ലായിരുന്നു.

ഒരു ദിവസം അവന്റെ വീട്ടിൽ വന്ന ഇളയ അമ്മാവൻ അമ്മ കുളിമുറിയിൽ കയറി കുളിച്ചുകൊണ്ടിരുന്നത് എത്തിനോക്കുന്നത് കണ്ട് അവനും ഒപ്പം കയറിനിന്ന് നോക്കിയതും അവന്റെ ഓർമ്മയിൽ ഭയവും ലൈംഗികാവേശവും ഒരുമിച്ചുണർത്തിക്കൊണ്ട് ഇന്നും നിലനിൽക്കുന്നു. ഇപ്പോൾ പലതിനേയും ഭയമാണ്. വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ അപകടമുണ്ടായി മരിക്കുമോ എന്ന ആശങ്ക എപ്പോഴും ഉണ്ടാകുന്നു. വിവാഹം കഴിച്ചാൽ കുട്ടികളുണ്ടാകുമോ, കുട്ടികൾക്ക് ലൈംഗിക രോഗങ്ങളുണ്ടാകുമോ, കുട്ടികളെ വേണ്ടവിധത്തിൽ വളർത്താൻ തനിക്കു കഴിയുമോ എന്ന് തുടങ്ങി നിരവധി ചിന്തകൾ അയാളിൽ നിരന്തരം നിറഞ്ഞുനിൽക്കുന്നു. പെട്ടെന്ന് ദേഷ്യം വരികയും ദേഷ്യം വന്നാൽ നിയന്ത്രണംവിട്ടു പെരുമാറുകയും ചെയ്യുന്നു. ചിലപ്പോൾ സാധനങ്ങൾ വലിച്ചെറിയും. അമ്മയോട് ആവശ്യമില്ലാതെ തട്ടിക്കയറും. സൗന്ദര്യമുള്ള ആൺകുട്ടികളെ കാണുമ്പോൾ അറിയാതെ അവരിൽ ആകൃഷ്ടരാകും. സഹപ്രവർത്തകരിൽ പോലും ചിലരുടെ നേർക്ക് പ്രത്യേകമായ ലൈംഗിക ആകർഷണം തോന്നും. സമൂഹത്തെ ഭയക്കുന്നതിനാൽ അത് പാടുപെട്ടു നിയന്ത്രിക്കുന്നതുകൊണ്ട് ജോലിയെ ബാധിക്കുന്ന തരത്തിലുള്ള അനുഭവങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. എങ്കിലും ഇത്തരം സാഹചര്യങ്ങൾ വരുമ്പോൾ സ്വയം ഭോഗത്തിനുള്ള അനിയന്ത്രിതമായ ഒരുൾപ്രേരണ അയാളെ വേട്ടയാടുന്നു. പോസ്റ്റുഗ്രാജ്വേറ്റായ അയാൾക്ക് തന്റെ ജീവിതം പരാജയപ്പെടുമോ എന്ന ഭീതിയാണിപ്പോൾ. ഭാര്യയിലും അയാൾ സംതൃപ്തനല്ല. എനിക്കിത്രയും പ്രശ്നങ്ങളൊക്കെയുള്ളതുകൊണ്ടാണ് ഇവളെ കെട്ടേണ്ടിവന്നത്, അല്ലെങ്കിൽ കൂടുതൽ നല്ല ഒരു ബന്ധം കിട്ടുമായിരുന്നു എന്ന ചിന്ത ഇടയ്ക്കിടെ ഉണ്ടാകാറുണ്ട് എന്നും പറഞ്ഞു. എന്നാലും ഭാര്യ സ്നേഹമുള്ളവളാണെന്നും അവളെ കൂടുതൽ സ്നേഹിക്കുവാൻ ശ്രമിക്കുകയാണെന്നും അയാൾ കൂട്ടിച്ചേർത്തു.

ചെറുപ്പകാലത്തെ അരക്ഷിത ചിന്ത സൂരജിനെ കുടുംബത്തിൽ നിന്നകറ്റിക്കളഞ്ഞു. സ്നേഹവും, പരിചരണവും, സാന്ത്വനവും ലഭിക്കേണ്ട സാഹചര്യങ്ങളിൽ അവൻ ത്യജിക്കപ്പെടുന്നതായി അവനു തോന്നി. നേരംപോക്കിനും സൗഹൃദത്തിനും അല്പം സമാശ്വാസത്തിനുമായി സമൂഹത്തിലേയ്ക്കിറങ്ങിച്ചെന്നപ്പോൾ മാർഗ്ഗനിർദ്ദേശവും സഹായവും നൽകേണ്ട മുതിർന്നവർതന്നെ അവനെ സ്വന്തം താല്പര്യങ്ങളുടെ പേരിൽ പാപവഴിയെ കൈപിടിച്ചു നടത്തി. പ്രകൃതിവിരുദ്ധമായ ലൈംഗിക ആസ്വാദനം അവന്റെ മനസ്സിൽ ലൈംഗിക അനുഭൂതികൾ നിലനിർത്തുന്ന ഓർമ്മകൾ നിക്ഷേപിച്ചു. പിന്നീടവൻ സ്വവർഗ്ഗലൈംഗിക സാഹചര്യങ്ങളെത്തേടി യാത്ര തുടങ്ങി. കണ്ടവരും കേട്ടവരുമൊക്കെ അവന്റെ സ്വവർഗ്ഗരതി പങ്കാളികളായിമാറി. ഇന്ന് അവന് എത്ര ശ്രമിച്ചിട്ടും അത്തരം ചിന്തകളിൽ നിന്ന് പിന്മാറാൻ സാധിക്കുന്നില്ല എന്നാണ് പറയുന്നത്. നിരന്തരം ഇത്തരം ചിന്തകൾ വരുമ്പോൾ അയാൾ വളരെയധികം അസ്വസ്തനാവുകയും ചെയ്യുന്നു.

സങ്കീർണ്ണമായ പല ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് സൂരജിന്റെ പ്രശ്നം. സ്നേഹിക്കപ്പെടുന്നില്ലെന്നും അവഗണിക്കപ്പെടുന്നുവെന്നും ഉള്ള തോന്നൽ. സ്നേഹം തേടിയുള്ള യാത്രയിൽ ലഭിച്ച സ്വവർഗ്ഗരതിയെന്ന ശീലം. ആ ശീലത്തിനടിമയായി ജീവിയ്ക്കുന്നു. തെറ്റാണെന്ന് ബോധ്യമുണ്ടെങ്കിലും അനിയന്ത്രിതമായ ഉൾപ്രേരണമൂലം വീണ്ടും അതിൽ തന്നെ വീഴുന്നു. ആന്തരിക സംഘർഷത്തിന്റെ ഫലമായി എന്തിനോടും ഏതിനോടും കോപത്തോടെ പ്രതികരിക്കുന്നു. മനസ്സിന്റെ ആഴത്തിൽ പതിഞ്ഞിരിക്കുന്ന ലൈംഗികതയുടെ സുഖബിന്ദു (pleasure spot)ക്കൾ എപ്പോഴും ലൈംഗികതയെ കാത്തുകഴിയുന്നു. മറ്റൊരുരീതിയിൽ പറഞ്ഞാൽ ആ ബിന്ദുക്കളിൽ നിന്ന് ചെറിയ ആന്റിനകൾ ഉപരിതലത്തിലേയ്ക്ക് ഉയർന്നു നിന്ന് ലൈംഗികതയെ ചാടിപ്പിടിച്ച് ഉള്ളിലെത്തിക്കുന്നുവെന്ന് പറയാം. ഇത്തരം ബിന്ദുക്കളെ ട്രാൻസാക്ഷൻ അനാലിസിസ് കൗൺസിലിംഗിലൂടെയോ, വിപസനയിലൂടെയോ ഒക്കെ മാറ്റിയെടുക്കാവുന്നതാണ്. നിരന്തരമുള്ള ഭയവും ആശങ്കയും സൈക്കോതെറാപ്പിയിലൂടെ മാറ്റി. ഭാര്യയുടെ പോരായ്മയെപ്പറ്റിയും, ലൈംഗികതയെപ്പറ്റിയുള്ള ആശങ്കകളെക്കുറിച്ചും കോഗ്നിറ്റീവ് ബീഹേവിയർ തെറാപ്പിയിലൂടെ വിശകലനം ചെയ്ത് മോചനം നേടി. ഇപ്പോൾ സൂരജ് സന്തോഷവാനായി കഴിയുന്നു.

# LAITY VOICE




## ക്രിസ്തുവിലൂള്ള ജീവിതം

**കഴിഞ്ഞ ലക്കം തുടർച്ച...**

**രക്ഷാപദ്ധതിയിൽ പഴയനിയമത്തിന് എന്ത് സ്ഥാനമാണുള്ളത്?**

യുക്തിക്ക് അഭിഗമ്യമായ അനേകം സത്യങ്ങൾ അറിയാൻ പഴയനിയമം സഹായിച്ചു. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് അതുകാണിച്ചു; സർവ്വോപരി വിജ്ഞാനിയായ ഒരു ഗൃഹാദ്ധ്യാപകനെപ്പോലെ ഒരുവനെ മാനസാന്തരത്തിലേയ്ക്കും സുവിശേഷത്തിന്റെ സ്വീകരണത്തിലേയ്ക്കും ഒരുക്കുകയും സന്നദ്ധമാക്കുകയും ചെയ്തു. എന്നാൽ, പഴയനിയമം പരിശുദ്ധവും ആധ്യാത്മികവും നല്ലതുമാണെങ്കിലും അത് അപൂർണ്ണമാണ്. അത് നിവൃത്തിയാക്കാൻവേണ്ട ശക്തിയും പരിശുദ്ധാത്മാവിന്റെ കൃപാവരവും അത് പ്രകൃത്യാ നൽകുന്നില്ല.

**എന്താണ് പുതിയനിയമം അഥവാ സുവിശേഷനിയമം?**

ക്രിസ്തുവിനാൽ പ്രഖ്യാപിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്ത പുതിയനിയമം അഥവാ സുവിശേഷനിയമം സ്വാഭാവികവും ആവിഷ്കൃതവുമായ ദൈവികനിയമത്തിന്റെ പൂർത്തീകരണവും പരിപൂർണ്ണതയുമാണ്. ദൈവത്തെയും സഹോദരനെയും സ്നേഹിക്കുക, ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുക എന്ന കല്പനയിൽ അത് സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരം ഈ സ്നേഹം സാധ്യമാക്കുന്നതിനാൽ ഇതൊരു ആന്തരിക യാഥാർത്ഥ്യമാണ്. ഉപവിയുടെ പ്രേരണയാൽ നൈസർഗികമായി നമ്മെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതിനാൽ, ഇത് "സ്വാതന്ത്ര്യത്തിന്റെ നിയമ"വുമാണ് (യാക്കോ.1:25).

**എവിടെയാണ് പുതിയ നിയമം കാണുന്നത്?**

ക്രിസ്തുവിന്റെ ജീവിതം മുഴുവനിലും പ്രസംഗത്തിലും അപ്പസ്തോലന്മാരുടെ ധാർമ്മിക മതബോധനത്തിലും പുതിയനിയമം കാണുന്നു. അതിന്റെ പ്രധാന പ്രകാശനം മലയിലെ പ്രസംഗമാണ്.

### കൃപാവരവും നീതീകരണവും

**എന്താണ് നീതീകരണം?**

ദൈവസ്നേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തിയാണ് നീതീകരണം. കരുണാപൂർവ്വവും സൗജന്യവുമായി നൽകപ്പെട്ട ദൈവത്തിന്റെ പ്രവൃത്തിയാണത്. അത് നമ്മുടെ പാപങ്ങൾ എടുത്തുകളയുന്നു. നമ്മുടെ മുഴുവൻ സത്തയിലും നമ്മെ നീതിമാന്മാരും വിശുദ്ധരും ആക്കുന്നു. ക്രിസ്തുവിന്റെ പീഡാസഹനത്താൽ നമുക്ക് നേടിത്തന്നതും മാമ്മോദീസായാൽ നൽകപ്പെട്ടതുമായ പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണ് ഇത് സാധിക്കുന്നത്. നീതികരണം മനുഷ്യന്റെ സ്വതന്ത്രമായ പ്രത്യുത്തരത്തിന് ആരംഭം കുറിക്കുന്നു. അത് ക്രിസ്തുവിലുള്ള വിശ്വാസവും പരിശുദ്ധാത്മാവിന്റെ കൃപാവരത്തോടുള്ള സഹകരണവുമാണ്.

**നീതീകരിക്കുന്ന കൃപാവരം എന്താണ്?**

ദൈവം നമുക്കു നൽകുന്ന സൗജന്യമായ ദാനമാണ് കൃപാവരം. ത്രിത്വൈകജീവിതത്തിൽ നമ്മെ പങ്കാളികളാക്കുന്നതിനും അവിടുത്തെ സ്നേഹത്താൽ പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നതിനും വേണ്ടിയാണ് കൃപാവരം നൽകപ്പെടുന്നത്. സ്ഥായിയായ, വിശുദ്ധീകരിക്കുന്ന അഥവാ ദിവ്യത നൽകുന്ന കൃപാവരമെന്ന് (deifying grace)ഇത് വിളിക്കപ്പെടുന്നു. കാരണം ഇത് നമ്മെ വിശുദ്ധീകരിക്കുകയും ദൈവികജീവനിൽ പങ്കാളികളാക്കുകയും (divinises) ചെയ്യുന്നു. ഇത് പ്രകൃത്യതീതവുമാണ്, എന്തെന്നാൽ ഇത് മുഴുവനുമായി ദൈവത്തിന്റെ സൗജന്യമായ മുൻകൈയെടുക്കലിനെ ആശ്രയിച്ചിരിക്കുന്നു. ഇത് ബുദ്ധിശക്തിയുടെ കഴിവുകളെയും മനുഷ്യരുടെ ശക്തിയെയും അതിശയിക്കുന്നതുമാണ്; അതിനാൽ നമ്മുടെ അനുഭവങ്ങൾക്ക് അപ്പുറവുമാണിത്.

**ഇതിനുപുറമെയുള്ള മറ്റു കൃപാവരങ്ങളേവയാണ്?**

സ്ഥായിയായ കൃപാവരത്തിനു പുറമെ പ്രവർത്തന കൃപാവരങ്ങളും (സവിശേഷ സാഹചര്യങ്ങൾക്കുള്ള ദാനങ്ങൾ) കൗദാശിക കൃപാവരങ്ങളും (ഓരോ കൂദാശയ്ക്കും സഹജമായിട്ടുള്ള ദാനങ്ങൾ), സവിശേഷ കൃപകളും കാരിസങ്ങളും (ഇവ സഭയുടെ പൊതുനന്മയ്ക്കായി ഉദ്ദേശിച്ചിട്ടുള്ള ദാനങ്ങളാണ്) ഉണ്ട്. സവിശേഷകൃപകളിൽ സഭാപരമായ ശുശ്രൂഷകളുടെയും ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളുടെയും നിർവഹണത്തെ അനുഗമിക്കുന്ന ജീവിതാവസ്ഥയുടെ കൃപാവരങ്ങളും ഉൾപ്പെടുന്നുണ്ട്.

**എന്താണ് കൃപാവരവും മാനുഷിക സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം?**

കൃപാവരം നമ്മുടെ സ്വതന്ത്രമായ പ്രത്യുത്തരത്തിന് മുമ്പേ പോകുന്നു, പ്രത്യുത്തരത്തിനായി നമ്മെ ഒരുക്കുന്നു; പ്രത്യുത്തരത്തെ പുറത്തുകൊണ്ടുവരുന്നു. മനുഷ്യസ്വാതന്ത്ര്യത്തിന്റെ ആഴമുള്ള തീവ്രാഭിലാഷങ്ങളോട് കൃപാവരം പ്രത്യുത്തരിക്കുന്നു; സ്വാതന്ത്ര്യത്തിന്റെ സഹകരണം ആവശ്യപ്പെടുന്നു; അതിനെ പൂർണ്ണതയിലേയ്ക്ക് നയിക്കുന്നു.

**എന്താണ് യോഗ്യത?**

പൊതുവിൽ യോഗ്യത ഒരു നല്ല പ്രവൃത്തിയുടെ പ്രതിഫലത്തിനുള്ള അവകാശമാണ്. ദൈവത്തിൽ നിന്ന് നാം എല്ലാം സൗജന്യമായി സ്വീകരിക്കുന്നതുകൊണ്ട്, അവിടുത്തെ സംബന്ധിച്ചിടത്തോളം, മനുഷ്യന് തന്നിൽ തന്നെ ഒരു യോഗ്യതയും നേടാനാവില്ല. എന്നിരുന്നാലും, ക്രിസ്തുവിന്റെ സ്നേഹത്തോടുള്ള ഐക്യംവഴി യോഗ്യത നേടാനുള്ള സാധ്യത ദൈവം നമുക്ക് നൽകിയിട്ടുണ്ട്.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAJU.CHACKO7@GMAIL.COM

Private circulation